# ദി ഡിഫെൻഡർ

Vol. No. 10 Issue No. 10 RNI Reg. No. 68089 / 97 Published From Perumbavoor 2007 MAY 16 Price: Rs.100/- P.A.


# ശാരോൻ ഫെലോഷിപ്പിൽ അധികാര വടംവലി



ടി.ജി.കോശി



ടി.പി.ഏബ്രഹാം



സി.വി.ജോൺ

ശാരോൻ ഫെലോഷിപ്പിന്റെ നേതാക്കൻമാർ തമ്മിൽ അതിരൂക്ഷമായ അധികാര വടംവലി നടക്കുന്നതായി തിരുവല്ലയിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ, പി.ജി.ജേക്കബ് എന്നിവരാണ് അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കായി കടിപിടി കൂട്ടുന്നത്.

ശാരോന്റെ സ്ഥാപകൻ എന്ന നിലയിൽ പാസ്റ്റർ പി.ജെ. തോമസിന്റെ അധികാരത്തെ ആരും ചോദ്യം ചെയ്തിരുന്നില്ല. അദ്ദേഹം തന്റെ പിൻഗാമിയായി നാമനിർദ്ദേശം ചെയ്ത ടി.ജി.കോശിയോടും അടുത്ത കാലംവരെ കാര്യമായ എതിർപ്പ് ഇല്ലായിരുന്നു. എന്നാൽ ശാരോന്റെ പ്രസിഡന്റായിരുന്നുകൊണ്ട് ടി.ജി. കോശി സ്വന്തം പ്രസ്ഥാനം വളർത്തുകയാണ് എന്ന് വ്യക്തമായതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. ടി.ജി.കോശി ശാരോന്റെ സ്ഥിരം പ്രസിഡന്റായിരിക്കുന്നതിനെതിരെ എതിർപ്പ് ഉയർന്നുകഴിഞ്ഞു. ശാരോന്റെ ഔദ്യോഗിക ഭാരവാഹികൾ സ്ഥിരമായി ഒരേ പദവി വഹിക്കുന്നത് ഒഴിവാക്കണമെന്നും അധികാര സ്ഥാനങ്ങൾ ആർക്കും തീറെഴുതാൻ പാടില്ലെന്നുമാണ് വാദം.

ടി.ജി.കോശി മാറുന്നതോടെ തനിക്ക് പ്രസിഡന്റാകണം എന്നാണ് ടി.പി.ഏബ്രഹാമിന്റെ ആഗ്രഹം. പക്ഷേ ടി.പിയെ പ്രസിഡന്റാക്കിയാൽ അതോടെ ശാരോൻ ടി.പിയുടെ കൈയ്യിൽ ശാശ്വതമായി അമരും എന്ന് മറ്റുള്ളവർ ഭയപ്പെടുന്നു. ഇപ്പോൾ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായതിനാൽ അടുത്ത പ്രസിഡന്റ് സ്ഥാനം തനിക്ക് അവകാശപ്പെട്ടതാണ് എന്നത്രേ പി.ജി.ജേക്കബ്ബിന്റെ നിലപാട്. പി.ജെ.തോമസിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായിരുന്ന തനിക്ക് ദീർഘകാലം മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായിരുന്നുള്ള പരിചയംകൂടി ഉള്ളതിനാൽ പ്രസിഡന്റ് സ്ഥാനം ലഭിച്ചേ മതിയാകൂ എന്ന വാശിയിലാണ് സി.വി.ജോൺ. മണക്കാല ലോബി, തിരുവല്ല ലോബി, എറണാകുളം ലോബി എന്നിങ്ങനെ മൂന്നു ലോബികൾ രൂപപ്പെട്ടുകഴിഞ്ഞു. ഐ.പി.സിയിലെ കസേരകളിയെ വെല്ലുന്ന കലാപരിപാടികൾ ശാരോനിൽ ഏറെ താമസിയാതെ അരങ്ങേറും എന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു.

# വൽസനെ അട്ടിമറിക്കാൻ കെ.സി.ജോൺ പദ്ധതിയിടുന്നു

വൽസനെ പുറത്താക്കി ഐ.പി.സി കൈയ്യടക്കാൻ കെ.സി. ജോൺ രഹസ്യനീക്കം ആരംഭിച്ചു. ടി.എസ്.ഏബ്രഹാമിനോട് ഇടഞ്ഞുനിൽക്കുന്ന കെ.പി.കുര്യൻ, ഏബ്രഹാം ഷാജി എന്നിവരും ഒരു പ്രമുഖ അമേരിക്കൻ മലയാളിയുമാണ് കെ.സിയോടൊപ്പമുള്ളത്.

കോടീശ്വരനായ ഈ അമേരിക്കൻ മലയാളിയും ഡോ.ജോർജ് തോമസും ആത്മ സുഹൃത്തുക്കളാണ്. കൂടാതെ, കെ.പി.കുര്യൻ, ഏബ്രഹാം ഷാജി, കെ.സി.ജോൺ എന്നിവരുമായും നല്ല ബന്ധത്തിലാണ്. എങ്കിലും ഇത്തവണ ഡോ.ജോർജ് തോമസിനെ ഒഴിവാക്കിയാണ് ഇവർ കരുനീക്കം നടത്തിയത്.

ഏപ്രിൽ 30ന് ഇവർ മൂവർ സംഘം അതീവ രഹസ്യമായി തിരുവല്ലയിൽ, ഹോട്ടൽ എലൈറ്റിൽ, സമ്മേളിച്ച് വിശദമായ ചർച്ചകൾ നടത്തി. അതിനുശേഷം കെ.സി.ജോണുമായി ഫോണിൽ ബന്ധപ്പെട്ടു.നീക്കങ്ങൾ അതീവ രഹസ്യമായിരിക്കേണ്ടത് ആവശ്യമാകയാൽ തുടർന്നുള്ള ചർച്ചകൾ നെടുമ്പ്രത്തുവെച്ചാകാമെന്ന് കെ.സി.ജോൺ നിർദ്ദേശിച്ചു. അങ്ങനെ ഈ സംഘം നെടുമ്പ്രത്തെത്തി. വൽസനെ അട്ടിമറിക്കാനുള്ള പദ്ധതികൾ വിശദമായി ചർച്ചചെയ്തു. തൽക്കാലം എല്ലാം രഹസ്യമാക്കി വെയ്ക്കാനും തീരുമാനിച്ചു.

കെ.സി.ജോൺ ഐ.പി.സിയുടെ പ്രസിഡന്റാണെങ്കിലും കടിഞ്ഞാൺ ഇപ്പോഴും ടി.എസ്.ഏബ്രഹാമിന്റേയും വൽസന്റേയും കൈയ്യിലാണ്. കെ.സി.ജോണിന്റെ സഹോദരനായ കെ.സി.തോമസ് സ്റ്റേറ്റ് സെക്രട്ടറിയാണെങ്കിലും ടി.എസ്.ഏബ്രഹാമിനെ അനുസരിക്കുക മാത്രമാണ് ചെയ്തുവരുന്നത്. ഈ നില തുടർന്നാൽ കെ.സി. ജോണിനും കെ.സി.തോമസിനും നിലനിൽപ്പില്ലാതാകും. അത് തടയാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

കെ.പി.കുര്യനും ഏബ്രഹാം ഷാജിയും അടുത്തകാലം വരെ ടി.എസ്.ഏബ്രഹാമിന്റെ വലംകൈയ്യും ഇടംകൈയ്യും ആയിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. ഇരുവരേയും ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കിയിരിക്കുകയാണ്. അതിനെതിരെ ഇരുവരും കോടതിയെ സമീപിക്കുകയും ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധി ഉണ്ടാകുകയും ചെയ്തു. ഈ പ്രശ്നങ്ങളിൽ ഡോ. ജോർജ് തോമസ് കെ.പി.കുര്യനും ഏബ്രഹാം ഷാജിക്കും അനുകൂലമായ നിലപാടാണ് എടുത്തതെങ്കിലും സഹോദരീഭർത്താവായ വൽസനെതിരെയുള്ള നീക്കത്തിന് കൂട്ടുനിൽക്കുകയില്ലെന്ന് വ്യക്തമാണ്. അതുകൊണ്ടാണ് ഡോ.ജോർജ് തോമസിനെ ഒഴിവാക്കിക്കൊണ്ട് കെ.സിയും കൂട്ടരും പദ്ധതി ഒരുക്കുന്നത്.

തങ്ങളെ ഐ.പി.സിയിൽ നിന്നും അന്യായമായി പുറത്താക്കിയ ടി.എസ്.ഏബ്രഹാമിനെതിരെ കെ.പി.കുര്യനും ഏബ്രഹാം ഷാജിയും നീങ്ങുന്നത് സ്വാഭാവികം. പക്ഷേ കെ.സി.ജോണിന്റെ നടപടി ഒരു തരത്തിലും ന്യായീകരിക്കാൻ ആവില്ല.


## 100 പ്രസംഗങ്ങൾ ഇപ്പോൾ ബുക്ക് ചെയ്യാം

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

## പ്രഭാതധ്യാനം

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
ഫോൺ: 0484-3232356, 9447414608


# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.ഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.ഫ് ഫോർമാറ്റിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542


Internet: www.tsbalan.com Email: tsbalan@yahoo.com Mobile: 94474 14608. Annual Subscription: Rs. 100/-

ദി ഡിഫെൻഡർ
Vol. No.10 Issue No. 10 2007 May 16

# സഭാശുശ്രൂഷകൻമാർ പണക്കൊതിയൻമാരായാൽ

ദ്രവ്യാഗ്രഹം സകല ദോഷത്തിനും മൂലകാരണമാണെന്ന് ദൈവവചനം പറയുന്നു. കൊടിയ പാപങ്ങളുടെ പട്ടികയിലാണ് തിരുവചനം ദ്രവ്യാഗ്രഹത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതൊക്കെ നന്നായി അറിയാവുന്ന ശുശ്രൂഷകൻമാർ പണത്തിനുവേണ്ടി എത്രത്തോളം തരം താഴാനും തയ്യാറാകുന്നത് ആത്മീയ അധ:പതനത്തിന്റെ ലക്ഷണമാണ്.

സഭാശുശ്രൂഷകൻമാരുടെ ദ്രവ്യാഗ്രഹം മറനീക്കി പുറത്തുവരുന്നത് ട്രാൻസ്ഫർ സീസണിലാണ്. സാധാരണയായി ഏപ്രിൽ – മെയ് മാസങ്ങളിലാണ് സഭാശുശ്രൂഷകൻമാരുടെ ട്രാൻസ്ഫർ നടക്കുന്നത്. ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതും സമുദായത്തിൽ നിന്ന് കടംകൊണ്ടതുമായ ഒരു ദുരാചാരമാണ് ഈ ട്രാൻസ്ഫർ എന്ന പരിപാടി. എങ്കിലും ഇത് ഇപ്പോൾ പെന്തക്കോസ്ത് സമുദായത്തിന്റെ ഭാഗമായിക്കഴിഞ്ഞു.

സാധാരണയായി സെന്റർ പാസ്റ്റർമാരാണ് ട്രാൻസ്ഫർ ക്രമീകരിക്കുന്നത്. സർവ്വശക്തനായ സെന്റർ പാസ്റ്ററുടെ തീരുമാനത്തെ വീറ്റോ ചെയ്യാൻ സഭാനേതാക്കൻമാർ ധൈര്യം കാട്ടാറില്ല. അതുകൊണ്ട് സെന്റർ പാസ്റ്ററെ പരമാവധി പ്രീതിപ്പെടുത്തി ''നല്ല''സഭ നേടിയെടുക്കാനാണ് ശുശ്രൂഷകൻമാർ ശ്രമിക്കുക. നല്ലസഭ എന്നതുകൊണ്ട് ആത്മീയമായി ഉയർന്ന നിലവാരം പുലർത്തുന്ന സഭ എന്നല്ല അർത്ഥമാക്കുന്നത്. പണപരമായി ഉയർന്നു നിൽക്കുന്ന സഭയാണ് നല്ലസഭ. സഭാശുശ്രൂഷകന് വൻതുക വരുമാനം ലഭിക്കുന്ന സഭ നല്ലസഭയാണ്. ആത്മീയ നിലവാരം എന്തുതന്നെ ആയിരുന്നാലും പ്രശ്നമില്ല.

നല്ല സഭ ലഭിക്കാൻ സെന്റർ പാസ്റ്റർക്ക് കൈക്കൂലി കൊടുക്കുന്നത് ഇന്ന് സ്ഥിരം പരിപാടി ആയിക്കഴിഞ്ഞു. നല്ല കൈമടക്ക് തരുന്നവർക്ക് നല്ല സഭ കൊടുക്കാൻ സെന്റർ പാസ്റ്ററും ശ്രദ്ധിക്കുന്നു. സെന്റർ പാസ്റ്ററുടെ അപ്രീതിക്ക് പാത്രമാകുന്ന സഭാശുശ്രൂഷകന് ഇണ്ടംതുരുത്തിയിലെ അട്ടപ്പാടി സഭയാകും ലഭിക്കുക. നല്ല സഭയിൽ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകൻമാർ ട്രാൻസ്ഫർ ഒഴിവാക്കി പിടിച്ചുനിൽക്കാനും മോശം സഭയിൽ ശുശ്രൂഷിക്കുന്നവർ ട്രാൻസ്ഫർ ഒപ്പിച്ചെടുക്കാനും സെന്റർ പാസ്റ്റർക്ക് കൈക്കൂലി കൊടുക്കാറുണ്ട്.

മദ്ധ്യകാലഘട്ടത്തിലെ കത്തോലിക്കാസഭയിൽ നിലനിന്നിരുന്ന മിക്ക ദുരാചാരങ്ങളും ഇന്നത്തെ പെന്തക്കോസ്തിലുണ്ട്. മാർട്ടിൻ ലൂഥറേപ്പോലുള്ളവരുടെ കടന്നുവരവിന് വഴിവെയ്ക്കുന്ന സാഹചര്യമാണിത്. ഇന്നത്തെ നിലയിൽ പെന്തക്കോസ്തിന് ഏറെക്കാലം പിടിച്ചു നിൽക്കാൻ ആവില്ല. പെന്തക്കോസ്തിൽ ഒരു നവീകരണം ഉണ്ടായേ മതിയാകൂ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

<u>വാർഷിക വരിസംഖ്യ</u>

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

അങ്ങനെ സ്മാർട്ട് സിറ്റി എന്ന സ്വപ്നം പൂവണിഞ്ഞു. വികസന വിരുദ്ധനെന്ന പേരിൽ കുപ്രസിദ്ധി നേടിയ വി.എസ്. അച്യുതാനന്ദന്റെ ഇമേജ് തന്നെ മാറ്റുന്ന വിജയമാണിത്. കേരളം വ്യവസായത്തിന് അനുയോജ്യമായ മണ്ണല്ല എന്ന ധാരണയും ഇതോടെ മാറുകയാണ്.

സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിൽ തങ്ങൾക്ക് പെരുത്ത സന്തോഷമുണ്ടെന്ന് പ്രതിപക്ഷം പറയുന്നുണ്ടെങ്കിലും സത്യത്തിൽ അവർക്ക് കടുത്ത നിരാശയാണുള്ളത്. ഈ പരിപാടി പൊളിഞ്ഞിരുന്നെങ്കിൽ അതിന്റെ പേരിൽ ഇടതുഭരണത്തെ പഴിക്കാമായിരുന്നു. അതിനുള്ള അവസരമാണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്.

സകല എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് മൂന്നാറിലെ ഒഴിപ്പിക്കൽ പുരോഗമിക്കുകയാണ്. അഞ്ചും പത്തും സെന്റ് കൈയ്യേറി കുടിൽ കെട്ടി താമസിക്കുന്നവരെ ഒഴിപ്പിക്കുകയും വൻകിടക്കാരെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന രീതിയായിരുന്നു അടുത്ത കാലംവരെ നിലനിന്നിരുന്നത്. എന്നാൽ ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഉറച്ച നിലപാട് പ്രശംസ അർഹിക്കുന്നു. അഴിമതിയുടെ കറ പുരളാത്ത ഉദ്യോഗസ്ഥർ നേതൃത്വം കൊടുക്കുന്നതിനാൽ കൈക്കൂലിയും ഭീഷണിയും മറ്റും വിലപ്പോകുകയുമില്ല. ഇക്കണക്കിനു പോയാൽ കേരളം നന്നായേക്കും.

സ്വാശ്രയ കോളേജുകൾക്ക് ഇക്കൊല്ലം സർവ്വതന്ത്ര സ്വതന്ത്രമായി വിലസാനുള്ള എല്ലാ സാഹചര്യവും ഉണ്ടായിരിക്കയാണ്. തോന്നിയതുപോലെ ഫീസ് ചുമത്താനും ബോധിച്ചവർക്ക് പ്രവേശനം കൊടുക്കാനും ബുദ്ധിമുട്ടില്ല. പാവപ്പെട്ടവർക്കും പിന്നോക്കക്കാർക്കും മറ്റും ഫീസ് ഇളവ് നൽകുമെന്ന് പറയുന്നുണ്ടെങ്കിലും അത് എത്രത്തോളം പ്രായോഗികമാണെന്ന് കണ്ടുതന്നെ അറിയണം. വാർഷിക വരുമാനം 10000 രൂപയിൽ കുറവുള്ളവർക്ക് 10000 രൂപ ഫീസ് കൊടുത്താൽ മതിയാകുമത്രേ. വരുമാനം മുഴുവൻ ഫീസായി നൽകിയാൽ ആ കുടുംബം എങ്ങനെ ജീവിക്കും? 10000 രൂപയാണ് യഥാർത്ഥ വരുമാനമെങ്കിൽ ആ കുടംബത്തിന്റെ കാര്യം കഷ്ടത്തിലാകുമെന്ന് തീർച്ച. അതല്ല 10000 രൂപ വരുമാനം എന്നത് കടലാസ്സിൽ മാത്രമാണെങ്കിൽ, യഥാർത്ഥ വരുമാനം അതിലും കൂടുതലാണെങ്കിൽ, കുറെ അനർഹർക്ക് സീറ്റ് ലഭിക്കുന്നു എന്നതിൽ കവിഞ്ഞ ഗുണം ഈ തീരുമാനംകൊണ്ട് ഉണ്ടാകുകയുമില്ല. വ്യക്തമായ വ്യവസ്ഥകൾ കൂടാതെ, ചോദിച്ചവർക്കെല്ലാം കോളേജ് അനുവദിച്ചു കൊടുത്ത സർക്കാരാണ് ഈ കുഴപ്പങ്ങൾക്കെല്ലാം ഉത്തരവാദി.

യു.പിയിൽ മായാവതിക്ക് തനിച്ചു ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയിരിക്കുന്നു. ബി.ജെ.പി ഏറെക്കുറെ തകർന്ന നിലയിലുമായി. കോണഅംഗ്രസ്സിന്റെ കാര്യം പറയുകയും വേണ്ട. പിന്നോക്കക്കാരുടെ പാർട്ടിയായ ബി.എസ്.പി ഇത്തവണ മുന്നോക്കക്കാരുമായി കൈകോർക്കുന്ന വിചിത്രമായ കാഴ്ചയാണ് ജനം കണ്ടത്. മന്ത്രിസഭയിലും ഉണ്ട് ബ്രാഹ്മണർ ഉൾപ്പെടെയുള്ള മുന്നോക്കക്കാർ. മായാവതിയുടെ തന്ത്രം ഫലിച്ചു എന്ന് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു. ഇനി ഭരണംകൂടി നന്നായാൽ എല്ലാം ശുഭമായി എന്നു പറയാം.

ദയാനിധിയെ കരുണാനിധി ദയകൂടാതെ പുറത്താക്കി. പേരിലുള്ള കരുണ പ്രവൃത്തിയിൽ ഇല്ല. ഏതായാലും കരുണാനിധിയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത്ര വലിയ കുഴപ്പമല്ലേ മാരൻ കാട്ടിക്കൂട്ടിയത്. കരുണാനിധിയുടെ പിൻഗാമിയായി ആരെയാണ് പൊതുജനം കാണുന്നത് എന്നറിയാൻ അഭിപ്രാസർവ്വേ നടത്തിയതും ഫലം പ്രസിദ്ധീകരിച്ചതും ശരിയായ നടപടിയാണെന്ന് പറയാനാവില്ല. നേതാക്കൻമാരെ ദൈവങ്ങളായി കാണുന്ന തമിഴ്മക്കൾക്ക് വികാരാവേശം ഉണ്ടാകാൻ വലിയ കാരണമൊന്നും വേണ്ട. സർവ്വേഫലം പുറത്തുവന്നപ്പോൾ എന്തുണ്ടായി എന്ന് പറയേണ്ടതില്ലല്ലോ. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് മാരനും അറിയാമായിരുന്നു. അതുകൊണ്ട് കരുണാനിധിയുടെ തീരുമാനം തികച്ചും ഉചിതമായി.

ഡി.വൈ.എഫ്.ഐ സമ്മേളനത്തിൽ പങ്കെടുത്തതു വഴി മമ്മൂട്ടി വെറുതെ പുലിവാല് പിടിച്ചു. യുവമോർച്ചയുടേയും യൂത്ത് കോൺഗ്രസ്സിന്റേയും കണ്ണിലെ കരടായിമാറി മമ്മൂട്ടി. മൂന്നാറിൽ മമ്മൂട്ടിയുടെ ബന്ധുക്കൾ ഭൂമി കയ്യേറി എന്ന് ചിലർ പറയുന്നു. കയ്യേറിയത് മമ്മൂട്ടി തന്നെയാണ് എന്നു പറയുന്നവരുമുണ്ട്. ഏതായാലും സമ്മേളനത്തിൽ പങ്കെടുത്തതോടെയാണ് കയ്യേറ്റപ്രശ്നം പൊങ്ങിവന്നത് എന്നത് ശ്രദ്ധേയമാണ്.

എം.എഫ് ഹുസൈന് സംസ്ഥാന സർക്കാർ അവാർഡ് കൊടുത്തത് വിവാദത്തിന് വഴി വെച്ചിരിക്കയാണ്. ഹിന്ദു ദൈവങ്ങളെ അപമാനിച്ചു എന്ന കേസ്സിൽ പിടികിട്ടാപ്പുള്ളിയാണ് ഹുസൈൻ. അത്തരത്തിലുള്ള ഒരാൾക്ക് രവിവർമ്മയുടെ പേരിലുള്ള പുരസ്ക്കാരം നൽകുന്നതിനെയാണ് ഹൈന്ദവ സംഘടനകൾ ചോദ്യം ചെയ്യുന്നത്. ഈ പ്രശ്നം അത്ര വേഗം കെട്ടടങ്ങുമെന്ന് തോന്നുന്നില്ല.

# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# മത്തായിക്കുട്ടി സോദോമ്യൻ തന്നെ

മത്തായിക്കുട്ടി എന്ന കളളപ്രവാചകൻ സോദോമ്യൻ തന്നെ എന്ന് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. പ്രവചനവുമായി ചെന്നു കയറുന്ന വീടുകളിലെല്ലാം ഇയാൾ ഈ ഹീന കൃത്യം നടത്തുക പതിവാണ്. ഇത്തരം ചില സംഭവങ്ങൾ ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അതിഹീനമായ മറ്റു ചില സംഭവങ്ങൾ കൂടി ഇപ്പോൾ അറിവായിരിക്കുന്നു.

മത്തായിക്കുട്ടി പ്രവാചകനാണ് എന്നു കരുതി വിളിച്ചു വരുത്തിയ ഒരു കുടംബത്തിനുണ്ടായ ദുര്യോഗമാണ് അവയിൽ ഒന്ന്. യോഗം കഴിഞ്ഞ് ഭക്ഷണവും കഴിച്ച് മത്തായിക്കുട്ടി ഉറങ്ങാൻ കിടന്നു. സ്ഥലപരിമിതിമൂലം ആ വീട്ടിലെ ഏഴും എട്ടും വയസ്സുളള രണ്ട് ആൺകുട്ടികളും മത്തായിക്കുട്ടിയോടൊപ്പമാണ് കിടന്നത്. പിറ്റേന്ന് രാവിലെ ആ കുട്ടികൾ തങ്ങൾക്കുണ്ടായ അനുഭവം മാതാപിതാക്കളോട് വിവരിച്ചപ്പോഴാണ് മത്തായിക്കുട്ടിയുടെ പ്രവചനം ഏതു വിധത്തിലുളളതാണെന്ന് വീട്ടുകാർ അറിഞ്ഞത്. ഏതായാലും കൈവെയ്പ് കൊടുക്കാതെ അവർ മത്തായിക്കുട്ടിയെ യാത്രയാക്കി.

മറ്റൊരു വീട്ടിൽ മത്തായിക്കുട്ടി പ്രവചനവും കഴിഞ്ഞ് ഉറങ്ങാൻ കിടന്ന മുറിയിൽ എഴുപത് വയസ്സിൽ അധികം പ്രായമുളള ഒരു വൃദ്ധനും (മറ്റൊരു കട്ടിലിൽ) കിടന്നിരുന്നു. എന്തു നടന്നു എന്ന് ഞാൻ വിവരിക്കുന്നില്ല. ഏതായാലും ആ രാത്രിയിൽത്തന്നെ മത്തായിക്കുട്ടിയെ ആ വീട്ടുകാർ പുറത്തിറക്കിവിട്ടു എന്നു പറഞ്ഞാൽ കാര്യം പിടികിട്ടുമല്ലോ.

ഇതൊക്കെ ഡിഫെൻഡർ വെറുതെ പറയുകയാണ് എന്ന് കരുതുന്നവർ മത്തായിക്കുട്ടിയെ വിളിച്ച് സ്വന്തം വീട്ടിൽ ഒരുരാത്രി ഉറങ്ങാൻ സൗകര്യം ചെയ്തുകൊടുത്ത് നോക്കുക.

അറിയപ്പെടുന്ന പ്രസംഗകനായ കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവാണ് മത്തായിക്കുട്ടി. അതുകൊണ്ട് കെ.എ. ഏബ്രഹാമിനോട് ഡിഫെൻഡർ ചോദിക്കുന്നു: ഈ വിഷയത്തിൽ കെ.എ.ഏബ്രഹാമിന് ഒന്നും ചെയ്യാനില്ലേ? ഈ സോദോമ്യനെ കുറഞ്ഞപക്ഷം ഉപദേശിപ്പണിയിൽ നിന്ന് മാറ്റി റബ്ബർ വെട്ടാനോ കപ്പയ്ക്ക് കിളക്കാനോ അയയ്ക്കാൻ പറ്റില്ലേ?

# മിഷനറിമാരെ ആക്രമിച്ച സംഭവം: പത്രങ്ങൾ പറയുന്നതിങ്ങനെ

മഹാരാഷ്ട്രയിൽ മിഷനറിമാർ ആക്രമിക്കപ്പെട്ട സംഭവത്തേക്കുറിച്ച് രണ്ട് ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന വാർത്തകൾ താഴെ കൊടുക്കുന്നു. ഇത്തരം അക്രമ സംഭവങ്ങൾ ഇന്ത്യയിലെങ്ങും വർദ്ധിച്ചു വരുകയാണ്.

പാവപ്പെട്ടവരായ ഹിന്ദുക്കളെ മോഹന വാഗ്ദാനങ്ങൾ നൽകി വഞ്ചിച്ച് മതംമാറ്റി എന്ന് ആരോപിച്ചാണ് ഈ മിഷനറിമാരെ ബജ്രംഗ് ദൾ പ്രവർത്തകർ മർദ്ദിച്ചത്. അവർ സ്വന്ത ഇഷ്ട പ്രകാരം ക്രിസ്തുമതം സ്വീകരിക്കുകയായിരുന്നു എന്നത്രേ മിഷനറിമാർ പറയുന്നത്.

അടുത്ത 14 വർഷത്തിനകം ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുളള രാജ്യമായി മാറുമെന്നും മറ്റുമുളള പ്രചരണങ്ങൾ ഹൈന്ദവ സംഘടനകൾ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. ഹിന്ദുമതത്തെ തകർക്കാനുളള ശ്രമം എന്ന നിലയ്ക്കാണ് എല്ലാവിധ സുവിശേഷ പ്രവർത്തനങ്ങളേയും അവർ പരിഗണിക്കുന്നത്. അതുകൊണ്ട് സ്നാനശുശ്രൂഷകളും മറ്റും പരസ്യമായി നടത്തുന്നത് എത്രത്തോളം അപകടകരമാണെന്ന് മനസ്സിലാക്കണം.



## 14 arrested for publicly thrashing two Christian missionaries in Maharastra town

Ichalkaranji (Maharashtra), May 10 :

Police in the Maharashtra town of Ichalkaranji have arrested 14 people for publicly thrashing two Christian missionaries. According to reports, Hindu hardliners attacked the two Christian missionaries over charges that they were trying to convert local Hindus towards Christianity.

The two young priests were reportedly kicked and punched before being dragged through the town in Kolhapur District. Officials later said that a local court has given bail to the arrested people.

"Fourteen people were arrested in the case today. The court has admitted the cases against them. However, the court let them off on bail," said Mohan Mane, Deputy Superintendent of Police, Kolhapur. News footage showed one Hindu activist knee a priest in the groin, making him double up in pain. Another kicked the missionary in the head.

The crowd accused the priests of forcibly converting poor Hindus, and handed them over to police. But a local Christian leader said those baptised had willingly changed their faith. Police said the two missionaries were arrested on complaints that they were fraudulently converting people.

Hardline Hindu groups - some of them linked to main opposition Bharatiya Janata Party (BJP) - accuse Christian priests of bribing poor tribespeople and lower caste Hindus to change their faith. Several states ruled by the Hindu nationalist BJP have passed anti-conversion laws. Last week, Hindu zealots beat up a pastor with sticks and left him bleeding profusely in Rajasthan where the BJP is in power. Christian groups say lower-caste Hindus who convert do so willingly to escape the highly stratified Hindu caste system. Christians make up around 2.3 percent of mainly Hindu India's 1.1 billion people.

# ടി.ജെ. ശാമുവൽ എന്തു പറയുന്നു?

മത്തായിക്കുട്ടി എന്ന ഈ സോദോമ്യൻ അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്ററാണ്. പത്തനംതിട്ട ജില്ലയിൽ പുല്ലാടിന് സമീപമുളള ഒരു എ.ജി സഭയിലാണ് ''തുത്രൂഷ''. (ആ സഭയിലുളള ആൺകുട്ടികളെ ദൈവം രക്ഷിക്കട്ടെ).

ഇത്ര ഹീനമായ പാപം ചെയ്യുന്നത് തൊഴിലാക്കിയ മത്തായിക്കുട്ടിക്കെതിരെ ചെറുവിരലെങ്കിലും അനക്കാൻ എ.ജിയിലെ ഒരു നേതാവിനും ധൈര്യം തോന്നിയിട്ടില്ല. പ്രകൃതിവിരുദ്ധ ബന്ധം അത്ര വലിയ പാപമൊന്നുമല്ല എന്നാണ് ഈ നേതാക്കൻമാർ കരുതുന്നത് എന്ന് തോന്നുന്നു. സൂപ്പറിണ്ടണ്ടണ്ടന്റായ ടി.ജെ ശാമുവേൽ ഇന്ത്യയെ ക്രൈസ്തവഭൂരിപക്ഷമുളള രാജ്യമാക്കാൻ ആഞ്ഞിലിക്കാ സിസ്റ്ററോടൊപ്പം നെട്ടോട്ടമോടുകയാണ്. അതിനിടയിൽ പ്രകൃതി വിരുദ്ധ പ്രശ്നവും മറ്റും ശ്രദ്ധിക്കാൻ സമയമെവിടെ. ഇന്ത്യയെ ക്രൈസ്തവരാഷ്ട്രമാക്കിയിട്ട് ണ്ടണ്ടണ്ട തിരിച്ചെത്തുമ്പോൾ എ.ജി ഒരു പരുവമായിട്ടുണ്ടാവും.

എ.ജിയുടെ നേതൃത്വത്തിൽ ദൈവദാസൻമാർ ആരെങ്കിലും ബാക്കിയുണ്ടെങ്കിൽ ദയവായി ശ്രദ്ധിക്കുക: മത്തായിക്കുട്ടിയേക്കുറിച്ച് ഡിഫെൻഡർ എഴുതിയതെല്ലാം പൂർണ്ണമായി സത്യമാണ്. മത്തായിക്കുട്ടിയുടെ വിക്രിയകൾക്ക് ഇരകളായ കുട്ടികളേയും വൃദ്ധനേയും ഹാജരാക്കി തെളിവ് നൽകാൻ ഡിഫെൻഡർ തയ്യാറാണ്. ഇയാൾക്കെതിരായ കുറ്റം തെളിയിക്കപ്പെട്ടാൽ നിങ്ങൾ ഈ നീചനെ എ.ജിയിൽ നിന്ന് പുറത്താക്കാൻ ധൈര്യം കാണിക്കുമോ?

(സുരേഷ് ബാബുവെന്ന കളളനെതിരെ ഒരു അന്വേഷണം നടത്താൻ പോലും തയ്യാറാകാത്ത എ.ജി ഈ കാര്യത്തിലും നടപടി എടുക്കുമെന്ന് കരുതാനാവില്ല).




## 14 arrested for attack on priests in Kolhapur

Forteen people were arrested in connection with Sunday's attack on two Christian priests in Kolhapur in western Maharashtra, police said Wednesday. Condemning the incident, deputy chief minister R.R. Patil, who also holds the home portfolio, ordered a high-level probe into the incident Wednesday.

On Tuesday, pro-Hindu Vishwa Hindu Parishad - and Bajrang Dal activists had assaulted the two pastors before television cameras. The two priests from Ichalkaranji had allegedly converted six people to Christianity. The arrest on Tuesday came after a delegation led by Maharashtra Minorities Commission vice chairman and Indian Christian Voice president Abraham Mathai called on Patil. He demanded that the accused should be booked under the stringent Maharashtra Control for Organised Crime Act.

'The premeditated brutal attack on two pastors at Ichalkaranji in Kolhapur which was orchestrated in the presence of the electronic media and appears to be a pattern of the kind enacted in Jaipur only last week,' Mathai said while condemning the incident.

This strategy of the Bajrang Dal and the VHP of perpetrating such heinous attacks in full view of national television channels promotes the culture of fear aimed at terrorizing the vulnerable Christian communities nationwide,' he added.

# വ്യാജൻമാരുടെ ലക്ഷണങ്ങൾ

വ്യാജൻമാർക്ക് പെന്തക്കോസ്തിൽ ഇത്രത്തോളം സ്വീകാര്യത ലഭിച്ചിട്ടുള്ള മറ്റൊരു സമയം ഉണ്ടോ എന്ന് സംശയമാണ്. അനുഗ്രഹത്തിന്റേയും രോഗശാന്തിയുടേയും ഉണർവ്വിന്റേയും മറ്റും മറവിൽ ഈ കള്ളൻമാർ സാധുക്കളെ കൊള്ളയടിക്കുകയാണ്. സൂക്ഷ്മനിരീക്ഷണത്തിൽ ഇവർക്കെല്ലാം പൊതുവായ ചില സവിശേഷതകളുണ്ട് എന്ന് മനസ്സിലാക്കാം.

1. അനുഗ്രഹത്തിനും ശാപത്തിനും പുതിയ വ്യാഖ്യാനം നൽകുന്നു.

അനുഗ്രഹം, ശാപം എന്നീ വാക്കുകൾക്ക് വ്യാജൻമാർ ഭൗതീക അർത്ഥം കൊടുക്കുന്നു. ഇവരുടെ വ്യാഖ്യാനം അനുസരിച്ച് കോടികളുടെ സമ്പാദ്യം, കൊട്ടാരം പോലുള്ള വീട്, വിലകൂടിയ കാറ്, നല്ല ആരോഗ്യം തുടങ്ങിയതൊക്കെയാണ് അനുഗ്രഹം. ദാരിദ്ര്യം, രോഗം, ദുഃഖം, കഷ്ടത തുടങ്ങിയതൊക്കെ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നും ഇവർ പറയുന്നു. അങ്ങനെ ജനത്തിന്റെ കണ്ണ് ഭൗതീകനേട്ടങ്ങളിലേക്ക് ഇവർ തിരിക്കുന്നു.

2. വ്യാജ അത്ഭുതങ്ങൾ.

നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് എല്ലാ വ്യാജൻമാരും പ്രചരിപ്പിക്കും. നൂറുകണക്കിന് അത്ഭുതമുണ്ടായി എന്ന് പറയും. അത്ഭുതം എന്ന് തീർത്ത് പറയാവുന്ന ഒന്നും ഉണ്ടായിരിക്കുകയുമില്ല. പുറമെ കാണാൻ പറ്റാത്ത രോഗങ്ങളാണ് ഇവർ സൗഖ്യമാക്കുന്നത്.

3. കള്ളപ്രവചനം.

എല്ലാ വ്യാജൻമാരും കള്ളപ്രവചനം നടത്തും. പരിശുദ്ധാത്മാവ് സംസാരിക്കുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇവർ പറയുന്നതെല്ലാം ഇവരുടെ ഹൃദയത്തിൽ തോന്നിയവ മാത്രമാണ്.

4. അനുതാപമില്ലായ്മ.

അനുതാപത്തിന്റെ അല്ലെങ്കിൽ കണ്ണുനീരിന്റെ അനുഭവം ഇവരിൽ ആർക്കും ഇല്ല. പാപം, നീതി, ന്യായവിധി തുടങ്ങിയവയേക്കുറിച്ച് ഇവർക്ക് ബോധമില്ല. ഇതൊന്നും ഇവരുടെ പ്രസംഗത്തിൽ ഉണ്ടാകില്ല.

5. വ്യാജഡിഗ്രികൾ

ഭോഷ്ക്കിന്റെ ആത്മാവ് ബാധിച്ച ഇക്കൂട്ടർ തങ്ങൾക്ക് ഇല്ലാത്ത വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് അവകാശപ്പെടും. കെ. സി.ജോൺ, കെ.ഒ.തോമസ്, തങ്കു, തോമസ്കുട്ടി, ബാബു ജോർജ്, എം.എ.വർഗീസ് തുടങ്ങിയവരുടെ ഡോക്ട്രേറ്റ്, സുരേഷിന്റെ ബിടെക്, പോൾ ഗോപാലകൃഷ്ണന്റെ ശാസ്ത്രജ്ഞാനം തുടങ്ങിയവ നല്ല ഉദാഹരണം.




6. ആഡംബര ജീവിതം.

വ്യാജസുവിശേഷകരെല്ലാം ആഡംബര പ്രിയരാണ്. വിലകൂടിയ കാറ്, കൊട്ടാര സദൃശ്യമായ വീട്, പഞ്ചനക്ഷത്ര ഭക്ഷണം, കൊടുംചൂടിൽപ്പോലും കോട്ടും സൂട്ടും ടൈയും ധരിക്കൽ തുടങ്ങിയവയെല്ലാം ഇവരുടെ പൊതുസ്വഭാവമാണ്.

7. വചനം പരിജ്ഞാനമില്ലായ്മ.

വ്യാജ സുവിശേഷകരിൽ ഭൂരിപക്ഷവും ദൈവവചനം പഠിക്കാത്തവരാണ്. അവേശം മൂത്ത് സുവിശേഷവേലയ്ക്ക് ഇറങ്ങിയ ഇവക്കൂട്ടർക്ക് ദൈവവചനം എന്തു പറയുന്നു എന്ന് അറിഞ്ഞുകൂടാ. എം.എ.വർഗീസ്, തങ്കു, സുരേഷ് ബാബു, നോബിൾ, മനു മേനോൻ, അനിസൻ തുടങ്ങിയവർ ഉദാഹരണം.

8. വ്യാജവാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുന്നു.

എല്ലാ വ്യാജ സുവിശേഷകരും വ്യാജ വാഗ്ദാനങ്ങൾ നൽകി ജനത്തെ കബളിപ്പിക്കുന്നു. ദൈവമക്കൾക്ക് രോഗവും ദുഃഖവും പട്ടിണിയും മറ്റും വരില്ലെന്നും ഇവരോടൊപ്പം ചേർന്നാൽ എല്ലാവിധ ഭൗതീക നൻമകളും ഉണ്ടാകും എന്നും ഇവർ പ്രചരിപ്പിക്കുന്നു. ഇതൊക്കെ സത്യമാണെന്ന് തെറ്റിദ്ധരിച്ച് സാധുക്കൾ വഞ്ചിക്കപ്പെടുന്നു.

9. അടിസ്ഥാന വേദോപദേശങ്ങൾ പരിത്യജിക്കുന്നു.

വ്യാജൻമാർ അടിസ്ഥാന വേദോപദേശങ്ങൾ അവഗണിക്കുന്നു. വീണ്ടുംജനനം, വേർപാട്, കർത്താവിന്റെ രണ്ടാം വരവ്, തുടങ്ങിയവയേക്കുറിച്ച് ഇവർ ഏറെയൊന്നും പ്രസംഗിക്കുകയില്ല. തങ്ങളുടെ സഭയിൽ ആളുകൂട്ടേണ്ടതുള്ളതിനാൽ വിശ്വാസസ്നാനത്തേക്കുറിച്ച് പറയുകയും വീണ്ടും ജനനം പ്രാപിക്കാത്തവരെ സ്നാനപ്പെടുത്തുകയും ചെയ്യും.

10. പണപ്പിരിവ്.

വ്യാജൻമാരുടെ മുഖ്യപരിപാടി പണപ്പിരിവാണ്. ഇവർക്ക് പണം കൊടുത്താൽ ദൈവം നൂറുമടങ്ങായി മടക്കിക്കൊടുക്കും എന്ന് നാഴികയ്ക്ക് നാല്പതുവട്ടം പറയും. യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ പിച്ചച്ചട്ടിയിൽ വരെ ഇവർ കൈയ്യിട്ടുവാരും. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ സമ്പന്നരാകുന്നത് ഈ വിധത്തിലാണ്.

പെന്തക്കോസ്ത് നേതാക്കൻമാർ ഈ വ്യാജൻമാർക്കെതിരെ പോരാടേണ്ടതായിരുന്നു. പക്ഷേ ഈ നേതാക്കൻമാരിൽ ഭൂരിപക്ഷവും വ്യാജൻമാരാണ്. കെ.സി.ജോൺ, വൽസൻ, ടി.ജെ ശാമുവൽ തുടങ്ങിയവർക്ക് എങ്ങനെ വ്യാജൻമാർക്കെതിരെ പോരാടാൻ കഴിയും?

ഈ കള്ളൻമാർക്കെതിരെ ജനത്തെ ബോധവത്ക്കരിക്കാനുള്ള ചുമതല പെന്തക്കോസ്ത് പത്രങ്ങൾക്കുണ്ട്. പക്ഷേ അവരും അത് ചെയ്യുന്നില്ല. കാരണം, വ്യാജൻമാരെ പിണക്കിയാൽ പരസ്യങ്ങളിൽ നിന്നുള്ള വരുമാനം കുറയും. അത് പത്രങ്ങളുടെ നിലനില്പ്പുതന്നെ അപകടത്തിലാക്കും. അതുകൊണ്ട് ഈ കള്ളൻമാർക്ക് പെന്തക്കോസ്തിൽ സൈര്യവിഹാരം നടത്താൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** വിശുദ്ധനാട് സന്ദർശിക്കാൻ ഇപ്പോൾ പെന്തക്കോസ്തുകാരും പോകുന്നു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്?

■ പാലസ്റ്റീൻ നാട്, ഈജിപ്ത്, സിറിയ തുടങ്ങിയ ദേശങ്ങൾ സന്ദർശിക്കുന്നത് അതിൽത്തന്നെ ഒരു പാപമല്ല. എന്നാൽ ഇത് തീർത്ഥാടനമായാൽ എതിർക്കേണ്ടതായി വരും.

ബൈബിളിൽ വിവരിക്കുന്ന സംഭവങ്ങൾ നടന്ന സ്ഥലങ്ങൾ നേരിൽ കാണുന്നത് തിരുവചന പഠനത്തിന് സഹായകമാകും. ആ ഉദ്ദേശ്യത്തോടെയാണ് അവിടെ പോകുന്നതെങ്കിൽ തെറ്റില്ല. പക്ഷേ അതിൽ കവിഞ്ഞ പലതും ഈ യാത്രകളിൽ നടക്കുന്നുണ്ട് എന്നുവേണം കരുതാൻ.

എല്ലാ മതങ്ങളിലും തീർത്ഥാടനങ്ങളുണ്ട്. പുണ്യ നദികളിലും തടാകങ്ങളിലും മറ്റും മുങ്ങിയാൽ പാപം ഇല്ലാതായി മോക്ഷം കിട്ടും എന്നാണ് ഹൈന്ദവ വിശ്വാസം. ഗംഗാനദിയിലുള്ള സ്നാനമാണ് ഇതിൽ ഏറ്റവും ശ്രേഷ്ഠം. കാശിയാണ് ഏറ്റവും വലിയ പുണ്യസ്ഥലം.

ഇസ്ലാമിലുമുണ്ട് തീർത്ഥാടനം. ജീവിതകാലത്ത് ഒരിക്കലെങ്കിലും മക്ക സന്ദർശിക്കണം എന്നത് ഏത് മുസ്ലീമിന്റേയും ആഗ്രഹമാണ്. ഹജ്ജ് ഇസ്ലാം മതവിശ്വാസത്തിന്റെ ഭാഗം തന്നെയാണ്.

ക്രൈസ്തവ സമുദായങ്ങളും പുണ്യസ്ഥലങ്ങളിൽ വിശ്വസിക്കുന്നു. മലയാറ്റൂരും മൈലാപ്പൂരും വേളാങ്കണ്ണിയും മറ്റും സന്ദർശിക്കുന്നതിലൂടെ പാപമോചനം ലഭിക്കുമെന്നു വിശ്വസിക്കുന്നവരുണ്ട്. ഈസ്റ്റർ കാലത്ത് കുരിശുമായി മലയാറ്റൂർ മല കയറാൻ കാൽനടയായി പോകുന്നവരെ കാണാം. പരുമലയിലും മഞ്ഞനിക്കരയിലും മറ്റും കാൽനടയായി പോകുന്നതും ഈ വിധത്തിലുള്ള ആചാരമാണ്.

പാലസ്റ്റീൻ നാടിനെ വിശുദ്ധ നാടായാണ് ക്രിസ്ത്യാനികൾ കാണുന്നത്. ദൈവം അബ്രഹാമിനും അവന്റെ സന്തതിക്കും അവകാശമായി കൊടുത്ത ദേശമാണത് എന്നതിൽ കവിഞ്ഞ എന്തെങ്കിലും വിശുദ്ധി ആ നാടിന് ഉള്ളതായി തിരുവചനം പറയുന്നില്ല. എങ്കിലും തിരുവചനത്തിലെ ഭൂരിപക്ഷം സംഭവങ്ങളും നടന്നത് പാലസ്റ്റീനിലാണ്. അതുകൊണ്ട് ആ നാട് ഒന്നു കാണണമെന്ന് ആഗ്രഹം തോന്നിയാൽ തെറ്റല്ല.

ഒറ്റക്ക് ഈ ദേശം കാണാൻ പോകുന്നത് അത്ര സുരക്ഷിതമല്ല. മാത്രമല്ല ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങളും ഉണ്ടാകും. അതുകൊണ്ട് മുൻപരിചയമുള്ള ഗൈഡുകളുടേയോ ടൂർ ഓപ്പറേറ്റർമാരുടേയോ സഹായത്തോടെ യാത്ര ചെയ്യുന്നതാണ് അഭികാമ്യം. പി.സി.ഐ സംഘടിപ്പിക്കുന്ന ടൂറുകൾ അതിൽത്തന്നെ ഒരു പാപമല്ല. പക്ഷേ ഇത് തീർത്ഥാടനമായി അധഃപതിച്ചാൽ ഡിഫെൻഡർ എതിർക്കും.

യേശുക്രിസ്തു ജനിച്ച സ്ഥലം, സ്നാനമേറ്റ സ്ഥലം, മരിച്ച സ്ഥലം തുടങ്ങിയതിനൊന്നും ഒരു ദിവ്യത്വവുമില്ല. പക്ഷേ സമുദായക്കാർ ഇവയ്ക്കെല്ലാം ദിവ്യത്വം കല്പിച്ച് വണങ്ങിവരുന്നു. പാലസ്റ്റീൻ സന്ദർശിക്കുന്ന പെന്തക്കോസ്തുകാർ സമുദായക്കാരുടെ പാത പിൻതുടർന്ന് ഈ സ്ഥലങ്ങളിലെല്ലാം പ്രാർത്ഥന നടത്താൻ തുടങ്ങിയാൽ കാര്യം കുഴയും. ഇങ്ങനെ ചിലതൊക്കെ ഈ സന്ദർശനത്തിനിടയിൽ നടക്കുന്നുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

യാത്ര കഴിഞ്ഞ് മടങ്ങിയെത്തുന്നവർ എഴുതുന്ന യാത്രാവിവരണം അസഹനീയമാണെന്ന് പറയാതെവയ്യ. പത്രമായ പത്രമെല്ലാം ഇപ്പോൾ യാത്രാവിവരണം കൊണ്ട് നിറഞ്ഞിരിക്കയാണ്. തങ്ങൾ എന്തോ അത്യപൂർവ്വ കാര്യം സാധിച്ചു എന്ന മട്ടിലാണ് വിവരണം. യാത്രാസൗകര്യം കുറവായിരുന്ന പണ്ടുകാലത്ത് ഇത്തരം യാത്രാവിവരണത്തിന് പ്രസക്തി ഉണ്ടായിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. പാലസ്റ്റീൻ വരെ പോയിവരുക എന്നത് അത്ര വലിയ കാര്യവുമല്ല. അതുകൊണ്ട് ഈ യാത്രാവിവരണ ബോറ് നിർത്തിയേ മതിയാകൂ.



# നൂറ് പ്രസംഗങ്ങൾ: റിക്കാഡിംഗ് ആരംഭിച്ചു

ററി.എസ്.ബാലൻ പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന 100 പ്രസംഗങ്ങളുടെ റിക്കാഡിംഗ് ആരംഭിച്ചു. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികളിലായി 100 പ്രസംഗങ്ങളാണ് തയ്യാറാക്കുന്നത്. പുതിയനിയമത്തിൽ നിന്നുള്ള വേദഭാഗങ്ങളെ ആസ്പദമാക്കി നടത്തുന്നവയാണ് ഈ പ്രസംഗങ്ങൾ.

ദൈവസഭയുടെ അടിസ്ഥാനം പുതിയനിയമമാണ്. പക്ഷേ പെന്തക്കോസ്ത് സഭകളിലെ പ്രസംഗങ്ങളിൽ ഭൂരിപക്ഷവും പഴയനിയമത്തിൽ നിന്നുള്ളവയാണ്. പഴയനിയമത്തിലെ ഏതെങ്കിലും ഒരു കഥയെടുത്ത് തോന്നിയതുപോലെ വ്യാഖ്യാനിച്ചാൽ പ്രസംഗമായി എന്ന ധാരണയാണ് ഭൂരിപക്ഷം പ്രസംഗകർക്കുമുള്ളത്. ഇത്തരം പ്രസംഗങ്ങൾ നിരന്തരം കേൾക്കുന്ന വിശ്വാസികൾക്ക് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം പോലും തിരിച്ചറിയാൻ കഴിയുന്നില്ല. വിശ്വാസികൾക്ക് യേശുക്രിസ്തുവിനേക്കാൾ കൂടുതൽ പരിചയം ദാവീദിനെയാണ്. പുതിയനിയമത്തിൽ നിന്ന് പ്രസംഗിക്കാൻ പാസ്റ്റർമാർക്ക് വേണ്ടത്ര വിഷയങ്ങൾ ഇല്ലാത്തതാണ് ഈ ദുരവസ്ഥയ്ക്ക് കാരണമെന്ന് തോന്നുന്നു. ഇതിനൊരു പരിഹാരം എന്ന നിലയ്ക്കാണ് പുതിയനിയമത്തിൽ നിന്നും 100 പ്രസംഗങ്ങൾ തയ്യാറാക്കുന്നത്. പഴയനിയമത്തിൽ നിന്ന് ചരിത്ര സംഭവങ്ങളും ദൃഷ്ടാന്തങ്ങളും എടുക്കുകയും ചെയ്യും.

ജൂലൈ 31ന് അകമായി ഈ 100 പ്രസംഗങ്ങളും റിക്കാഡ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഓഗസ്റ്റ് ആദ്യ ആഴ്ച മുതൽ സി.ഡികൾ വിതരണം ചെയ്യാൻ കഴിയും. അടുത്ത വർഷത്തേക്കുള്ള പ്രഭാതധ്യാനം (20 മിനിട്ട് വീതം ദൈർഘ്യമുള്ള 366 ലഘു പ്രസംഗങ്ങൾ) ഡിസംബർ 15ന് അകമായി തയ്യാറാക്കേണ്ടതുള്ളതുകൊണ്ട് 100 പ്രസംഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാതെ പറ്റില്ല.

സി.ഡി ഒന്നിന് 100 രൂപ വിലവച്ച് ആകെ വില 1000 രൂപയാണെങ്കിലും ഇപ്പോൾ പണം അയയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (കൂടുതൽ വിവരങ്ങൾ ആദ്യപേജിൽ).

# ചവർ ചാനൽ അമേരിക്കയിലേക്ക്



ചവർ ചാനൽ ജൂലൈ മുതൽ അമേരിക്കയിലും ലഭിക്കുമത്രേ. പറയുന്നത് സർവ്വശക്തനായ കെ.സി.ജോൺ ആയതുകൊണ്ട് വിശ്വസിക്കാതെ തരമില്ല. ഖത്തറിൽ ചവറിന്റെ ഉദ്ഘാടനം നടത്തിയശേഷമാണ് ഈ പ്രഖ്യാപനം കെ.സി.ജോൺ നടത്തിയത്.

2006 ഫെബ്രുവരി ആദ്യ ആഴ്ചയിലാണ് ചവർ തിരുവല്ലയിൽ ഉദ്ഘാടനം നടത്തിയത്. അന്ന് സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയ പ്രോഗ്രാമുകൾ ഇന്നും ചവറിൽ സംപ്രേക്ഷണം ചെയ്തു വരുന്നു. (അസാമാന്യ തൊലിക്കട്ടി ഉള്ളവർക്കേ ഇങ്ങനെ ചെയ്യാൻ കഴിയൂ). തിരുവല്ലയിലെ ഉദ്ഘാടനം കഴിഞ്ഞ് നാലാംപക്കം ഡൽഹിയിലും ചവർ ഉദ്ഘാടനം ചെയ്തു. പിന്നീട് സൗദി ഒഴികെയുള്ള ഓരോ ഗൾഫ് രാജ്യത്തും ചെന്ന് ഉദ്ഘാടനം പൊടിപൊടിച്ചു. ഇന് അമേരിക്കയിലെ ഓരോ സംസ്ഥാനത്തും ഉദ്ഘാടനം നടത്തും.

പെന്തക്കോസ്ത് ഉപദേശവുമായി ഒരുവിധത്തിലും പൊരുത്തപ്പെടാത്ത പ്രോഗ്രാമുകളാണ് ചവറിൽ പ്രദർശിപ്പിക്കുന്നത്. വിഗ്രഹാരാധന, അന്യദൈവാരാധന, ദുരുപദേശം, ആഭരണക്കടയുടെ പരസ്യം തുടങ്ങിയവയെല്ലാം ഈ ചാനലിലുണ്ട്. സത്യസുവിശേഷം വളരെ അപൂർവ്വമായി മാത്രമേ കേൾക്കുന്നുള്ളൂ. ഇന്ത്യയിലും ഗൾഫിലുമുള്ള ദൈവമക്കളെ വഞ്ചിച്ചതുപോലെ അമേരിക്കയിലുള്ള ദൈവമക്കളേയും വഞ്ചിക്കാനാണ് സാത്താൻ പദ്ധതിയിടുന്നത്.

## മാത്യൂസും കുറെ വിഡ്ഢികളും



വിഡ്ഢികൾ ഉള്ളിടത്തോളം കാലം മാത്യൂസിന് അഷ്ടിക്ക് മുട്ടു വരികയില്ല. ഈ വിദ്വാൻ ഇപ്പോൾ അമേരിക്കയിലുള്ള വിഡ്ഢികളെ പിഴിഞ്ഞ് പണം ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. ക്രിസ്ത്യൻ ട്രിബ്യൂൺ എന്ന പേരിൽ ഇയാൾ പ്രസിദ്ധീകരിക്കുന്ന പത്രത്തിന് ലക്ഷക്കണക്കിന് കോപ്പികളുണ്ട് എന്ന് പ്രചരിപ്പിച്ച് പരസ്യം വകയിലും വരിസംഖ്യ ഇനത്തിലും പണം പിരിച്ചാണ് മാത്യൂസ് തട്ടിപ്പ് നടത്തുന്നത്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഭൂരിപക്ഷം ഗൾഫ് രാജ്യങ്ങളിലും മാത്യൂസ് ജനവഞ്ചന നടത്തിക്കഴിഞ്ഞു. യു.എ.ഇയിൽ ഉള്ളവരെ വീണ്ടും കബളിപ്പിക്കാൻ മാത്യൂസ് ഏതാനും മാസം മുൻപ് ശ്രമിച്ചെങ്കിലും ഡിഫെൻഡറിലൂടെ ജനം സത്യം അറിഞ്ഞിരുന്നതിനാൽ ആ ശ്രമം പാളി. ഡിഫെൻഡർ വായിക്കാത്ത നിരവധി ആളുകൾ അമേരിക്കയിൽ ഉള്ളതിനാൽ അവരെ കബളിപ്പിക്കാൻ മാത്യൂസിന് ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല.

# കുഴിക്കാല വീണ്ടും തട്ടിപ്പുമായി രംഗത്ത്

വാചകക്കസർത്തിലൂടെ ആരെയും വീഴ്ത്താൻ വിരുതനാണ് സാം കുഴിക്കാല. ഈ വിദ്വാൻ അഷ്ടിക്കുള്ള വക കണ്ടെത്തുന്നതും ഇങ്ങനെതന്നെ. കൊഡൈക്കനാൽ ക്രിസ്ത്യൻ കോളേജിന്റെ പേരിലും അമേരിക്കയിലും കോയമ്പത്തൂരിലും ഉള്ളതായി പറയപ്പെടുന്ന മരുന്ന് കമ്പനികളുടെ പേരിലും വിവിധതരം ക്രൂസേഡുകളുടെ മറവിലും ഒക്കെ ഈ ചങ്ങാതി പണം തട്ടിയിട്ടുണ്ട്. ഇയാൾക്ക് പണം കൊടുത്ത് വിഡ്ഢികളാകാൻ നൂറുകണക്കിന് കഴുതകൾ റെഡി.

ആസന്ന ഭാവിയിൽ സാം കുഴിക്കാല ഒരു ക്രൂസേഡ് തട്ടിപ്പുമായി രംഗത്തെത്താൻ പദ്ധതിയിടുന്നതായി ഡിഫെൻഡറിന് വിവരം ലഭിച്ചിരിക്കുന്നു. മോറീസ് സെറില്ലോയെ 2009ൽ കേരളത്തിൽ കൊണ്ടുവരാനാണ് പരിപാടി. സാം കുഴിക്കാലയെ വെല്ലുന്ന തട്ടിപ്പുകാരനാണ് മോറീസ് സെറില്ലോ. അതുകൊണ്ട് കുഴിക്കാലയുടെ സഹായത്തോടെ കേരളത്തിൽ എത്താൻ മോറീസ് സെറില്ലോ തയ്യാറാകാൻ സാദ്ധ്യതയുണ്ട്.

യോംഗിച്ചോ വന്ന വകയിലും ശതാബ്ദിക്ക് സായിപ്പൻമാരെ കൊണ്ടുവന്ന വകയിലും ഒക്കെ കുറച്ചേറെ പണം കുഴിക്കാല തട്ടിയെടുത്തിരുന്നു. മോറീസ് സെറില്ലോയെ കൊണ്ടുവന്നാൽ അതിലധികം ലാഭം ഉണ്ടാക്കാമെന്ന് കുഴിക്കാലക്ക് അറിയാം. അത്ഭുതമെന്നു കേട്ടാൽ ഈച്ചപോലെ ആളുകൂടുമെന്നും ക്രൂസേഡ് വിജയമാകുമെന്നും തീർച്ച. അതുകൊണ്ട് കുഴിക്കാലയുടെ പദ്ധതി വിജയിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്.




# മേഴ്സിയും ലൂക്കും ഉത്സാഹം പകർന്നു

പാലസ്റ്റീൻ നാട് കാണാൻ പോയ ഒട്ടേറെ ശുംഭൻമാർ ഇപ്പോൾ യാത്രാവിവരണം എഴുതുന്നുണ്ട്. പോൾ ഗോപാലകൃഷ്ണന്റെ അളിയനായ ക്രിസ്തുദാസിന്റെ ബോറ് മരുപ്പച്ചയിലാണ് പ്രസിദ്ധീകരിക്കുന്നത്. മെയ് 5 ലക്കത്തിൽ ക്രിസ്തുദാസ് ഇപ്രകാരം എഴുതി:

''കുമ്പനാട് ഹെബ്രോനിൽ നിന്നും പാസ്റ്റർ ടി.എസ്. ഏബ്രഹാമും കുടുംബാംഗങ്ങളായ മേജർ ലൂക്കും മേഴ്സി ലൂക്കും യാത്രയിലുടനീളം ഉത്സാഹം പകർന്നു''.

ഉത്സാഹം പകരുന്ന കാര്യത്തിൽ ടി.എസ്.ഏബ്രഹാമിനുള്ള വിരുത് പ്രസിദ്ധമാണ്. ജീവിതകാലം മുഴുവൻ ഉത്സാഹം പകർന്ന ഈ മാന്യദേഹം ഇപ്പോൾ ''ആത്മാവ് ഒരുക്കമുള്ളതെങ്കിലും ജഡം ബലഹീനമത്രേ'' എന്ന പരുവത്തിൽ ഇരിക്കയാണ്. പക്ഷേ ലൂക്കിന്റേയും വാമഭാഗത്തിന്റേയും കാര്യം അതല്ലെന്ന് അറിയാം. എങ്കിലും ഇവർ യാത്രയിലുടനീളം എങ്ങനെ ഉത്സാഹം പകർന്നു എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

ടീമിൽ ആകെ 49 ആളുകൾ ഉണ്ടായിരുന്നു എന്ന് ക്രിസ്തുദാസ് വ്യക്തമാക്കുന്നുണ്ട്. ഇവർക്കെല്ലാം യാത്രയിലുടനീളം ഉത്സാഹം പകരുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പലർക്കും പല കാരണങ്ങളാലാണല്ലോ ഉത്സാഹമുണ്ടാകുക. ഇവിടെ ലൂക്കും മേഴ്സിയും കൂടി എല്ലാവർക്കും ഉത്സാഹം പകർത്തിരിക്കുന്നു. അത് എങ്ങനെ സാധിച്ചു എന്നുകൂടി ക്രിസ്തുദാസ് ദയവായി വ്യക്തമാക്കണം.

# ജോസീഫസ്: സുരേഷ് വഹ

സുരേഷ് ബാബു മഹാപണ്ഡിതനാണെന്ന് ഏവർക്കും അറിയാം. മദ്രാസ് ഐ.ഐ.ടിയിൽ നിന്നും ബെടെക് എടുത്ത ആളുടെ പാണ്ഡിത്യം എത്രത്തോളമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. പക്ഷേ എഞ്ചിനീയറിംഗിൽ മാത്രമല്ല സഭാവിജ്ഞാനീയത്തിലും സുരേഷ് അദ്വിതീയനാണെന്ന് ഈയിടെ ചവറിൽ സംപ്രേക്ഷണം ചെയ്ത ഒരു പ്രസംഗത്തിൽ നിന്ന് വ്യക്തമായി.

മാറാനാഥാക്കാരുടെ നേതൃത്വത്തിൽ എവിടെയോ നടന്ന ഒരു ക്രൂസേഡിൽ സുരേഷ് നടത്തിയ ഒരു പ്രസംഗത്തിലാണ് അറിവിന്റെ മുത്തുമണികൾ പൊഴിഞ്ഞുവീണത്.

കർത്താവ് ഉയിർപ്പിച്ച ലാസറിനേക്കുറിച്ച് ജോസീഫസ് പറയുന്നുണ്ടത്രേ. ലാസറിനെ അവന്റെ അമ്മ ഗർഭം ധരിച്ചിരുന്ന കാലത്തുതന്നെ പിതാവ് മരിച്ചു. ലാസറിന്റെ ചെറു പ്രായത്തിൽ അമ്മയും മരിച്ചു. ഇങ്ങനെ അകാല മരണം ഉണ്ടായത് ലാസറിന്റെ കുഴപ്പംകൊണ്ടാണ് എന്ന് ബന്ധുക്കളും നാട്ടുകാരും ആരോപിച്ചു. ഈ കാരണത്താൽ ലാസറിനെ ഒരു ഭാഗ്യഹീനനായിട്ടത്രേ ജനം കണക്കാക്കിയിരുന്നത്.

ജോസീഫസ് ഏതു പുസ്തകത്തിലാണ് ഇങ്ങനെ പറയുന്നതെന്ന് മഹാപണ്ഡിതനായ സുരേഷ് ബാബു പറയുന്നില്ല. മാറാനാഥായിലെ മണ്ടൻമാരെ കബളിപ്പിക്കാൻ ഇത്രയുമൊക്കെ മതിയെന്നത് ശരിതന്നെ. പക്ഷേ ചാനലിലൂടെ ഇത് സംപ്രേക്ഷണം ചെയ്യുമ്പോൾ സൂക്ഷിക്കുക: ജോസീഫസിന്റെ പുസ്തകങ്ങൾ അലമാരയിൽ ഇരിക്കുന്നതെങ്കിലും സുരേഷ് കണ്ടിട്ടുണ്ടോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഉത്തരം മുട്ടും.

# സ്ഥലംമാറ്റ പ്രശ്നം തിരുവചന വെളിച്ചത്തിൽ

പാസ്റ്റർമാരുടെ സ്ഥലംമാറ്റം എല്ലാ ഏപ്രിൽ-മെയ് മാസങ്ങളിലും പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. സ്ഥലംമാറ്റ ഉത്തരവ് എത്തിയിട്ടും പാസ്റ്റർ മാറാൻ തയ്യാറാകാത്തതാണ് ഒരു പ്രശ്നം. വിശ്വാസികളിൽ ഒരു ഗ്രൂപ്പിന്റെ സഹായത്തോടെ പിടിച്ച് നിൽക്കുന്ന പാസ്റ്റർമാരുണ്ട്. സഭയെ പിളർത്തി പുതിയ സഭയുണ്ടാക്കുന്നവരും കുറവല്ല. പഴയ പാസ്റ്റർ മാറാൻ കൂട്ടാക്കാത്തതുകൊണ്ട് വഴിയാധാരമായ പാസ്റ്റർമാരുമുണ്ട്.

കേന്ദ്രത്തിൽ പിടിപാടുള്ള പാസ്റ്റർമാർക്ക് നല്ല വരുമാനമുള്ള സഭകൾ ലഭിക്കും. സെന്റർ പാസ്റ്റർക്ക് കൈക്കൂലി കൊടുത്ത് നല്ല സഭയിലേക്ക് ട്രാൻസ്ഫർ ഒപ്പിക്കുന്നവരുമുണ്ട്. നേതാക്കൻമാരുടെ കണ്ണിലെ കരടായ പാസ്റ്റർമാർക്ക് സഭ കിട്ടിയില്ലെന്നും വരാം. കിട്ടിയാൽത്തന്നെ അത് ആർക്കും വേണ്ടാത്ത സഭയുമായിരിക്കും. ഇങ്ങനെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങളുണ്ട്.

എന്താണ് ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം? അതിനുള്ള ഉത്തരം പറയുന്നതിനു മുൻപായി സഭയുടെ നേതാക്കൻമാരെ തെരഞ്ഞെടുക്കേണ്ടതെങ്ങനെ എന്ന പ്രശ്നത്തിന് ഉത്തരം പറയാൻ ശ്രമിച്ചുനോക്കൂ. ജനാധിപത്യ രീതിയിലുള്ള ഇലക്ഷനിലൂടെ നേതാക്കൻമാരെ തെരഞ്ഞെടുക്കണം എന്ന് ചിലർ പറയുന്നു. നറുക്കിട്ട് എടുക്കുകയാണ് ശരിയായ വഴി എന്ന് മറ്റു ചിലർ പറയുന്നു. പരിശുദ്ധാത്മാവ് നിയമിക്കണമെന്ന് ശഠിക്കുന്നവരുമുണ്ട്. ഇതിൽ ഏതാണ് ശരിയായ വഴി? ദൈവവചനത്തിൽ നിന്ന് ഒരു ഉത്തരം ലഭിക്കുമോ? ഇല്ലെന്നു തീർച്ച. എന്തുകൊണ്ട്? ദൈവസഭ എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന സംഘടനകൾ ഒന്നും ദൈവവചനത്തിലുള്ളതല്ല. പ്രാദേശിക സഭകളെ കൂട്ടിയിണക്കി സംഘടനയുണ്ടാക്കുകയും അത് സഭയാണെന്ന് പ്രചരിപ്പിക്കയും ചെയ്തതാണ് തെറ്റ്. വിശ്വാസി, ലോക്കൽ സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനത്തിലുള്ളൂ. ഐ.പി.സിയും ശാരോനും എ.ജിയും മറ്റും മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. ദൈവീക പദ്ധതിയിൽ ഇല്ലാത്ത ഈ സംഘടനകൾക്ക് നേതാക്കൻമാരെ തെരഞ്ഞെടുക്കേണ്ടത് എങ്ങനെയെന്ന് കണ്ടുപിടിക്കാൻ ദൈവവചനത്തിൽ പരതിയിട്ട് കാര്യമില്ല. പാസ്റ്റർമാരുടെ സ്ഥംമാറ്റ പ്രശ്നവും ഇതുപോലെതന്നെയാണ്.

പെന്തക്കോസ്തുകാർ സമുദായക്കാരിൽ നിന്ന് ഒട്ടേറെ ദുരാചാരങ്ങൾ കടമെടുത്തിട്ടുണ്ട്. അവയിൽ ഒന്നാണ് ഈ സംഘടന ഉണ്ടാക്കൽ. സംഘടനയുടെ നേതാവിനെ സഭയുടെ നേതാവായി പരിഗണിക്കുന്നതും സമുദായത്തിൽ നിന്ന് കിട്ടിയ ദുരാചാരം തന്നെ. സമുദായക്കാർക്ക് ഓരോ പള്ളിയിലും അച്ചനുണ്ട്. പെന്തക്കോസ്തുകാർക്ക് പാസ്റ്ററും. ഇതൊന്നുമല്ല ദൈവവചനത്തിൽ ഉള്ളത്. സംശയമുള്ളവർ 1തിമോ.3:1-മുതൽ വായിക്കുക. അവിടെ മൂന്നുതരം ശുശ്രൂഷകരെ കാണാം. 1. അദ്ധ്യക്ഷൻ. 2. ശുശ്രൂഷകൻമാർ 3. ശുശ്രൂഷക്കാരത്തികൾ. (സ്ത്രീകൾ എന്ന തർജ്ജമ തെറ്റാണ്).

എല്ലാ പ്രാദേശിക സഭയിലും ഒന്നിലേറെ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. ഇവരുടെ അദ്ധ്യക്ഷൻ (കങ്കാണി) ആയി ബിഷപ്പ് (പാസ്റ്റർ) പ്രവർത്തിക്കുന്നു. ഇതാണ് ദൈവസഭയുടെ ഭരണക്രമം. പക്ഷേ പെന്തക്കോസ്ത് സഭകളിൽ ഇങ്ങനെയൊന്നുമല്ല നടക്കുന്നത്. സമുദായക്കാരെ അനുകരിച്ച് പെന്തക്കോസ്തുകാരും അച്ചൻമാരെ (പാസ്റ്റർമാരെ) വാഴിച്ചിരിക്കുന്നു. അവർക്ക് നേതാക്കൻമാർ കൈവെച്ച് ഓർഡിനേഷനും കൊടുക്കുന്നു. അച്ചൻമാരെ സ്ഥലം മാറ്റുന്നതുപോലെ പാസ്റ്റർമാരേയും സ്ഥലം മാറ്റുന്നു. സമുദായങ്ങളിലേതുപോലെ പെന്തക്കോസ്തിലും കമ്മറ്റിയും സെക്രട്ടറിയും ഖജാൻജിയും ഒക്കെയുണ്ട്. ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഇല്ലേയില്ല. ഇങ്ങനെ ദൈവവചനത്തിൽ ഇല്ലാത്ത സംഘടനയും ഭരണക്രമവും ഉണ്ടാക്കിവെച്ചിട്ട് പാസ്റ്റർമാരുടെ സ്ഥലംമാറ്റ പ്രശ്നം ദൈവവചനത്തിലെ ചട്ടപ്രകാരം നടത്താൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്.

പാസ്റ്റർമാരുടെ സ്ഥലംമാറ്റം എന്നത് ഒന്നാംനൂറ്റാണ്ടിലെ സഭയിൽ ഒരിക്കലും ഒരു പ്രശ്നമായിരുന്നില്ലെന്ന് വചനം പഠിച്ചാൽ മനസ്സിലാക്കാം. ഇത്തരം ഒരു പ്രശ്നത്തേക്കുറിച്ച് ബൈബിളിൽ സൂചനപോലുമില്ല. എന്തുകൊണ്ട്? ഒന്നാം നൂറ്റാണ്ടിൽ പാസ്റ്റർമാരുടെ സ്ഥലംമാറ്റം എന്നൊരു പരിപാടി ഇല്ലായിരുന്നു എന്നതുതന്നെ.

1തിമോ.3-ാം അദ്ധ്യായത്തിൽ കാണുന്ന യോഗ്യത ഉള്ളവരെ പ്രാദേശിക സഭയിൽ അദ്ധ്യക്ഷൻ, ശുശ്രൂഷകർ, ശുശ്രൂഷക്കാരത്തികൾ എന്നീ ശുശ്രൂഷകളിൽ നിയമിക്കയാണ് ചെയ്തിരുന്നത്. ഇവർ സാധാരണയായി പ്രാദേശിക സഭയിലെ അംഗങ്ങൾ തന്നെ ആയിരുന്നു. അതുകൊണ്ട് സ്ഥലംമാറ്റം എന്ന പരിപാടി ആവശ്യമില്ലായിരുന്നു.

അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന വ്യക്തി മറ്റ് ശുശ്രൂഷകരേക്കാൾ ഉത്തരവാദിത്വമുള്ള ശുശ്രൂഷയാണ് ചെയ്യുന്നത്. അതുകൊണ്ട് തക്ക യോഗ്യതയും കഴിവും ഉള്ള വ്യക്തി ആയിരിക്കണം. യോഗ്യതയുള്ള വ്യക്തിയെ പ്രാദേശിക സഭയിൽ ലഭ്യമല്ലെങ്കിൽ മറ്റു സ്ഥലങ്ങളിൽ നിന്ന് അദ്ധ്യക്ഷനെ കണ്ടെത്തുന്നതിൽ തെറ്റില്ല. വ്യക്തമായ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത കാലത്തേക്ക് ആ വ്യക്തിയെ അദ്ധ്യക്ഷനായി നിയമിക്കാം. കാലാവധി കഴിയുമ്പോൾ മറ്റൊരാളെ കണ്ടെത്തി നിയമിക്കണം. ഇതൊക്കെ പ്രാദേശികസഭയാണ് ചെയ്യേണ്ടത്, സംഘടനയല്ല. അമേരിക്ക ഉൾപ്പെടെ ഭൂരിപക്ഷം പാശ്ചാത്യ രാജ്യങ്ങളിലും നാഗാലാന്റിലും ഈ രീതി ഫലപ്രദമായി പ്രയോഗിച്ചുവരുന്നുമുണ്ട്. ഇന്ത്യയിലും ഇതൊന്ന് പരീക്ഷിച്ചുകൂടേ?




## കുട്ടപ്പനെ ആർക്കും വേണ്ട

ശാരോൻ ഫെലോഷിപ്പിന്റെ എറണാകുളം സെന്റർ പാസ്റ്ററും തൈക്കൂടം സഭയുടെ പാസ്റ്ററുമായ കുട്ടപ്പനെ ആർക്കും വേണ്ടാതായിരിക്കുന്നു. സത്യം സത്യമായി പറഞ്ഞാൽ ഇയാൾക്കിപ്പോൾ സഭയില്ല. തൈക്കൂട്ടത്തുള്ള ദൈവമക്കൾക്ക് ഇയാളെ വേണ്ടാതായിട്ട് കാലം കുറെ ആയി. എങ്കിലും ഈ ചങ്ങാതിയെ ഒന്ന് ഒഴിവാക്കിക്കിട്ടാൻ ഇപ്പോഴാണ് അവസരം ഒരുങ്ങിയത്. തൈക്കൂട്ടത്തേക്ക് പുതിയ പാസ്റ്ററെ നിയമിക്കുകയും ചെയ്തു. കുട്ടപ്പന് ആലുവ സഭയിലേക്കാണ് സ്ഥലംമാറ്റം കൊടുത്തത്. പക്ഷേ ആലുവ സഭയ്ക്ക് കുട്ടപ്പനെ വേണ്ട. അവർ അത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

ഏതാനും വർഷം മുൻപ് കുട്ടപ്പൻ അങ്കമാലി സഭയിലായിരുന്നു. കുട്ടപ്പനേക്കൊണ്ട് അവർ ശരിക്കും മടുത്തശേഷമാണ് സ്ഥലംമാറ്റം കൊടുത്തത്. അതുകൊണ്ട് കുട്ടപ്പന് അങ്കമാലിയിലേക്ക് പോകാനും പറ്റുന്നില്ല. സെന്റർ പാസ്റ്റർ ആയതുകൊണ്ട് വരുമാനം കുറവുള്ള ചെറിയ സഭയിലേക്കെങ്ങും പോകാനും പറ്റില്ല.

കുട്ടപ്പനെ ആലുവ സഭയിലേക്ക് കൊണ്ടുവരാൻ പരിശ്രമിക്കുന്നത് മഹാനായ ടി.പി.ഏബ്രഹാമാണ്. അതിന് ഒരു കാരണമുണ്ട്. ടി.പിയുടെ വീടുമായി ഒരു മതിലിന്റെ അകലം മാത്രമേയുള്ളൂ ആലുവ സഭാഹാളിന്. ടി.പിയുടെ ബന്ധുകൂടിയായ കുട്ടപ്പൻ ആലുവായിൽ എത്തിയാൽ ഉപജാപകങ്ങൾ നടത്താൻ എളുപ്പമാണ്. ശാരോന്റെ പ്രസിഡന്റാകാനുള്ള തത്രപ്പാടിലാണല്ലോ ഇപ്പോൾ ടി.പി.ഏബ്രഹാം. മിനിസ്റ്റേഴ്സ് കൗൺസിൽ അംഗംകൂടിയായ കുട്ടപ്പന്റെ സഹായമുണ്ടെങ്കിൽ സംഗതി എളുപ്പമാകും. അതിനുള്ള തന്ത്രമാണ് ടി.പി പയറ്റുന്നത്. പക്ഷേ ആലുവയിലെ വിശ്വാസികൾ എല്ലാം താറുമാറാക്കുമെന്ന ഭയത്തിലാണ് ടി.പി ഇപ്പോൾ.

## ശിവൻപിളളക്ക് സഭയില്ലാതായി

ശിവൻ പിളള എന്ന ഉശിരൻ പാസ്റ്റർക്ക് സഭയില്ലാതായി. ഇനി എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ഈ ചങ്ങാതി. സംഭവം ഇങ്ങനെ:

കുറ്റപ്പുഴ സഭയിലെ പാസ്റ്ററും ചില വിശ്വാസികളും ചേർന്ന് സഭാനേതൃത്വത്തിനെതിരെ കേസ്സ് കൊടുത്ത കാര്യം ഡിഫെൻഡർ മുൻപൊരു ലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. പാസ്റ്ററെ ഭീഷണിപ്പെടുത്തി കേസ്സ് പിൻവലിപ്പിക്കാനുള്ള ശ്രമം നേതാക്കൻമാർ നടത്തിവരുന്നു. അതിനിടയിൽ കുറ്റപ്പുഴയിലെ പാസ്റ്റർക്ക് സഭാനേതൃത്വം സ്ഥലംമാറ്റം കൊടുത്തു. ഇപ്പോൾ ഞാലിക്കണ്ടം സഭയുടെ പാസ്റ്ററായ ശിവൻ പിളളയ്ക്ക് കുറ്റപ്പുഴ സഭയും നൽകി. അങ്ങനെ ശിവൻ പിളള ഞാലിക്കണ്ടം സഭയുടെ ചാർജ് പുതിയ പാസ്റ്റർക്ക് കൊടുത്തു. അതുകഴിഞ്ഞ് കുറ്റപ്പുഴയിൽ ചാർജെടുക്കാൻ എത്തി. കുറ്റപ്പുഴയിലെ പാസ്റ്റർ മാറുന്നില്ല എന്ന് അപ്പോഴാണ് അറിഞ്ഞത്. കടിച്ചതുമില്ല, പിടിച്ചതുമില്ല എന്ന സ്ഥിതിയിലായി ശിവൻ പിളള.

എന്താണ് പോംവഴി എന്ന് ശിവൻ പിളള ഏറെ ആലോചിച്ചു. ഒടുവിൽ ഒരു പരിഹാരം കണ്ടെത്തി. കേസ്സ് കൊടുക്കുക. പോലീസ് വന്ന് പഴയ പാസ്റ്ററെ പിടിച്ചിറക്കുകയും ശിവൻ പിളളയെ പാസ്റ്ററായി വാഴിക്കയും ചെയ്യും. ഇതാണ് കണക്കുകൂട്ടൽ. പക്ഷേ ഐ.പി.സിയിലെ നേതാക്കൻമാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കി കൊടുക്കുകയല്ല പോലീസിന്റെ പണി എന്ന വസ്തുത ശിവൻപിളളക്ക് മനസ്സിലായിട്ടില്ല.

(കേസ്സ് കൊടുത്താൽ ഐ.പി.സിയിൽ നിന്നും പുറത്താക്കില്ലേ എന്ന് ചോദിക്കുന്നവരുണ്ടാകാം. മണ്ടൻമാരേ, നേതാക്കൻമാരും അവരുടെ ശിങ്കിടികളും കേസ്സ് കൊടുത്താൽ അത് പുണ്യപ്രവൃത്തി. അതിന് ശിക്ഷയില്ല. പക്ഷേ ആരെങ്കിലും സഭാനേതാക്കൻമാർക്കെതിരെ കേസ്സ് കൊടുത്താൽ അത് മരണകരമായ പാപമാണ്. അവരെ സഭയിൽ നിന്നും നിഷ്ക്കരുണം പുറത്താക്കും.

## പാസ്റ്ററെ മാറ്റാൻ ഉപവാസവും ശാപവും

പാസ്റ്ററെ മാറ്റിക്കിട്ടാൻ വിമതപക്ഷം 21 ദിവസം നീളുന്ന ഉപവാസവും ശാപവും നടത്തുന്നു. സംഭവം നടക്കുന്നത് പെരുമ്പെട്ടിയിലാണ്. പാസ്റ്റർ ഏബ്രഹാം ഷാജിക്കെ അനുകൂലമായി കോടതി പുറപ്പെടുവിച്ച വിധി മാറ്റി അദ്ദേഹത്തിന് എതിരായി വിധിക്കാനും അങ്ങനെ സഭയിൽ നിന്ന് പുറത്താക്കാനുമാണ് 21 ദിവസത്തെ ഉപവാസയജ്ഞം. ഉപവാസം തീരുമ്പോൾ കോടതി ഏബ്രഹാം ഷാജിക്ക് എതിരേ വിധി പുറപ്പെടുവിക്കുമെന്നാണ് വിമതപക്ഷം പ്രചരിപ്പിക്കുന്നത്. (ദൈവം മണ്ടനാണല്ലോ).

ഈ ഉപവാസത്തിന്റെ പിന്നിൽ ഒരു രഹസ്യമുണ്ട്. ടി.എസ്.ഏബ്രഹാമിന്റെ കല്പനക്ക് വില കൊടുക്കാതെ കോടതി ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധി പറഞ്ഞതോടെ വിമതപക്ഷത്തുള്ള പലരും ആ ഗ്രൂപ്പ് ഉപേക്ഷിച്ച് ഏബ്രഹാം ഷാജിയോടൊപ്പം ചേർന്നു. ആ ഒഴുക്ക് ഇപ്പോഴും തുടരുന്നു. ഈ നില തുടർന്നാൽ വിമതപക്ഷത്ത് ആരും ഇല്ലാതാകും. അതുകൊണ്ട് ജനത്തിന് സമരവീര്യം പകരാനും ശോഭനമായ ഒരു ഭാവി അവർക്കുണ്ടെന്ന് വരുത്തിത്തീർക്കാനുമാണ് ഉപവാസം. 21 ദിവസത്തെ ഉപവാസം കഴിയുമ്പോൾ ഏബ്രഹാം ഷാജിയുടെ കഥ കഴിയും എന്നാണല്ലോ പ്രചരണം.

ഏബ്രാം ഷാജിയെ ദൈവം ശപിച്ച് ഭസ്മമാക്കും എന്നതിന് തെളിവും വിമതർ ഹാജരാക്കുന്നുണ്ട്. അതിന് ആധാരമായി അവർ 109-ാം സങ്കീർത്തനമാണ് സഭായോഗത്തിന് വായിച്ചത്. യൂദായ്ക്ക് ഉണ്ടാകുന്ന ശാപം മുൻകൂട്ടി പ്രവചിക്കുന്ന സങ്കീർത്തനമാണത്. ഇത് ശാപസങ്കീർത്തനമാണെന്ന് മനസ്സിലായപ്പോൾ പല ദൈവമക്കളും വായന നിർത്തി. എങ്കിലും നേതാവ് സങ്കീർത്തനം വായിച്ചു തീർത്തെന്നു മാത്രമല്ല ആ സങ്കീർത്തനത്തിലുള്ള സകല ശാപവും വിമതരുടെ ശത്രുവായ ഏബ്രഹാം ഷാജിയുടെ തലയിൽ വന്ന് വീഴുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഏബ്രഹാം ഷാജി തട്ടിപ്പോകുന്നതും കാത്തിരിക്കയാണ് ഇപ്പോൾ വിമതപക്ഷത്തെ വിശ്വാസികൾ.

# What the Catholic Encyclopedia says about Limbo

Limbo: (Late Latin *limbus*) a word of Teutonic derivation, meaning literally 'hem' or 'border' as of a garment, or anything joined on (cf. Italian *lembo* or English *limb*).

In theological usage the name is applied to (a) the temporary place or state of the souls of the just who, although purified from sin, were excluded from the beatific vision until Christ's triumphant ascension into Heaven (the 'limbus patrum'); or (b) to the permanent place or state of those unbaptized children and others who, dying without grievous personal sin, are excluded from the beatific vision on account of original sin alone.

In literary usage the name is sometimes applied in a wider and more general sense to any place or state of restraint, confinement, or exclusion, and is practically equivalent to "prison" (see, e.g., Milton, "Paradise Lost," III, 495; Butler, "Hudibras," part II, canto i, and other English classics). The not unnatural transition from the theological to the literary usage is exemplified in Shakespeare, "Henry VIII," act v, sc. 3. In this article we shall deal only with the theological meaning and connotation of the word.

**LIMBUS PATRUM**

Though it can hardly be claimed, on the evidence of extant literature, that a definite and consistent belief in the limbus patrum of Christian tradition was universal among the Jews, it cannot on the other hand be denied that, more especially in the extra-canonical writings of the second or first centuries B.C., some such belief finds repeated expression; and New Testament references to the subject remove all doubt as to the current Jewish belief in the time of Christ. Whatever name may be used in apocryphal literature to designate the abode of the departed just, the implication generally is that their condition is one of happiness, that it is temporary, and that it is to be replaced by a condition of final and permanent bliss when the Messianic Kingdom is established.

In the New Testament, Christ refers by various names and figures to the place or state which Catholic tradition has agreed to call the limbus patrum. In Matthew 8:11, it is spoken of under the figure of a banquet "with Abraham, Isaac, and Jacob in the kingdom of Heaven" (cf. Luke 8:29; 14:15), and in Matthew 25:10 under the figure of a marriage feast to which the prudent virgins are admitted, while in the parable of Lazarus and Dives it is called "Abraham's bosom" (Luke 16:22) and in Christ's words to the penitent thief on Calvary the name *paradise* is used (Luke 23:43). St. Paul teaches (Ephesians 4:9) that before ascending into Heaven Christ "also descended first into the lower parts of the earth," and St. Peter still more explicitly teaches that "being put to death indeed, in the flesh, but enlivened in the spirit," Christ went and "preached to those souls that were in prison, which had been some time incredulous, when they waited for the patience of God in the days of Noah" (1 Peter 3:18-20).

It is principally on the strength of these Scriptural texts, harmonized with the general doctrine of the Fall and Redemption of mankind, that Catholic tradition has defended the existence of the limbus patrum as a temporary state or place of happiness distinct from Purgatory. As a result of the Fall, Heaven was closed against men. Actual possession of the beatific vision was postponed, even for those already purified from sin, until the Redemption should have been historically completed by Christ's visible ascendancy into Heaven. Consequently, the just who had lived under the Old Dispensation, and who, either at death or after a course of purgatorial discipline, had attained the perfect holiness required for entrance into glory, were obliged to await the coming of the Incarnate Son of God and the full accomplishment of His visible earthly mission. Meanwhile they were "in prison," as St. Peter says; but, as Christ's own words to the penitent thief and in the parable of Lazarus clearly imply, their condition was one of happiness, notwithstanding the postponement of the higher bliss to which they looked forward. And this, substantially, is all that Catholic tradition teaches regarding the limbus patrum.

> ''ശുദ്ധീകരണസ്ഥലം ഇല്ലായെന്ന് ഒടുവിൽ പാപ്പാ സമ്മതിച്ചു'' എന്ന തലക്കെട്ടിൽ മെയ് 5 ലക്കം മരുപ്പച്ചയിൽ ഒരു വാർത്ത വന്നിരുന്നു. ലിംബോ എന്നാൽ എന്ത് എന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് ആ വിഷയത്തേക്കുറിച്ച് കാതലിക് എൻസൈക്ലോപ്പീഡിയയിൽ കൊടുത്തിരിക്കുന്ന ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കയാണ്.

**LIMBUS INFANTIUM**

The New Testament contains no definite statement of a positive kind regarding the lot of those who die in original sin without being burdened with grievous personal guilt. But, by insisting on the absolute necessity of being "born again of water and the Holy Ghost" (John 3:5) for entry into the kingdom of Heaven (see BAPTISM, subtitle *Necessity of Baptism*), Christ clearly enough implies that men are born into this world in a state of sin, and St. Paul's teaching to the same effect is quite explicit (Romans 5:12 sqq.). On the other hand, it is clear from Scripture and Catholic tradition that the means of regeneration provided for this life do not remain available after death, so that those dying unregenerate are eternally excluded from the supernatural happiness of the beatific vision (John 9:4, Luke 12:40, 16:19 sqq., 2 Corinthians 5:10; see also APOCATASTASIS). The question therefore arises as to what, in the absence of a clear positive revelation on the subject, we ought in conformity with Catholic principles to believe regarding the eternal lot of such persons. Now it may confidently be said that, as the result of centuries of speculation on the subject, we ought to believe that these souls enjoy and will eternally enjoy a state of perfect natural happiness; and this is what Catholics usually mean when they speak of the limbus infantium, the "children's limbo." The best way of justifying the above statement is to give a brief sketch of the history of Catholic opinion on the subject. We shall try to do so by selecting the particular and pertinent facts from the general history of Catholic speculation regarding the Fall and original sin, but it is only right to observe that a fairly full knowledge of this general history is required for a proper appreciation of these facts.

As to the difficulties against this view which possessed such weight in the eyes of the eminent theologians we have mentioned, it is to be observed:

We must not confound St. Augustine's private authority with the · infallible authority of the Catholic Church; and if allowance be made for the confusion introduced into the Pelagian controversy by the want of a clear and explicit conception of the distinction between the natural and the supernatural order one can easily understand why St. Augustine and the Council of Carthage were practically bound to condemn the *locus medius* of the Pelagians. St. Augustine himself was inclined to deny this distinction altogether, although the Greek Fathers had already developed it pretty fully, and although some of the Pelagians had a glimmering of it they based their claim to natural happiness for unbaptized children on a denial of the Fall and original sin, and identified this state of happiness with the "life eternal" of the New Testament. Moreover, even if one were to admit for the sake of argument that this canon of the Council of Carthage (the authenticity of which cannot be reasonably doubted) acquired the force of an ecumenical definition, one ought to interpret it in the light of what was understood to be at issue by both sides in the controversy, and therefore add to the simple *locus medius* the qualification which is added by Pius VI when, in the Constitution "Auctoreum Fidei", he speaks of "locum illium et statum medium expertem culpae et poenae."

Finally, in regard to the teaching of the Council of Florence, it is incredible that the Fathers there assembled had any intention of defining a question so remote from the issue on which reunion with the Greeks depended, and one which was recognized at the time as being open to free discussion and continued to be so regarded by theologians for several centuries afterwards. What the council evidently intended to deny in the passage alleged was the postponement of final awards until the day of judgement. Those dying in ·original sin are said to descend into Hell, but this does not necessarily mean anything more than that they are excluded eternally from the vision of God. In this sense they are damned; they have failed to reach their supernatural destiny, and this viewed objectively is a true penalty. Thus the Council of Florence, however literally interpreted, does not deny the possibility of perfect subjective happiness for those dying in original sin, and this is all that is needed from the dogmatic viewpoint to justify the prevailing Catholic notion of the children's limbo, while from the standpoint of reason, as St. Gregory of Nazianzus pointed out long ago, no harsher view can be reconciled with a worthy concept of God's justice and other attributes.





## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. ഡൊമെയിൻ, ബെബ് സ്പേസ്, ഒരു ഹോംപേജ്.

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

RNI No. 68089 / 97
2007 May 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# പോൾ ഗോപാലകൃഷ്ണൻ: തട്ടിപ്പിന്റെ ആൾരൂപം

പരമ വിശുദ്ധൻമാരുടെ വേഷത്തിൽ നടക്കുന്ന നിരവധി കള്ളൻമാർ പെന്തക്കോസ്തിലുണ്ട്. സാധുക്കളെ കബളിപ്പിക്കാൻ ഇവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാറുമില്ല. ഇത്തരത്തിൽ ഒരാളാണ് പോൾ ഗോപാലകൃഷ്ണൻ.

മൂന്നു പതിറ്റാണ്ടു മുൻപ് ഇടുക്കി ജില്ലയിൽ ബീഡിതെറുപ്പുകാരനായിരുന്ന ഗോപാലകൃഷ്ണൻ ഇന്നത്തെ പോൾ ഗോപാലകൃഷ്ണനായത് പലരും വിചാരിക്കുന്നതുപോലെ ദൈവകൃപ കൊണ്ടല്ല മറിച്ച് ദൈവനാമത്തിൽ തട്ടിപ്പ് നടത്തിയാണ്. മഹാപണ്ഡിതനും ഉഗ്രൻ പ്രസംഗകനുമൊക്കെയാണ് ഇന്നത്തെ പോൾ ഗോപാലകൃഷ്ണൻ. പക്ഷേ ജൻമസിദ്ധമായുള്ള ശബ്ദമല്ലാതെ മറ്റൊന്നും ഇയാളുടെ കൈവശമില്ല എന്നതാണ് വസ്തുത.

കുഴിക്കാല, പൊടിയാടി എന്നീ സ്ഥലങ്ങളിൽ പാസ്റ്റർ ആയിരുന്നശേഷമാണ് പോൾ മുണ്ടിയപ്പള്ളിയിൽ എത്തിയത്. കുഴിക്കാലയിലും പൊടിയാടിയിലും ഒട്ടേറെ പ്രശ്നങ്ങളുണ്ടാക്കിയിട്ട് എത്തിയ പോളിന് മുണ്ടിയപ്പള്ളിയിലെ സാധുക്കളുടെ മുൻപിൽ പുണ്യപുരുഷനായി ഷൈൻ ചെയ്യാൻ കഴിഞ്ഞു. പരമ പുണ്യാളനാണ് താൻ എന്ന് പോൾ മുണ്ടിയപ്പള്ളിക്കാരെ ധരിപ്പിച്ചു. എതിർക്കാൻ ശ്രമിച്ചവരെ ഭീഷണിപ്പെടുത്തിയും ബ്ലാക്ക്മെയിൽ ചെയ്തും ഒതുക്കി. അങ്ങനെ ഒന്നര പതിറ്റാണ്ടായി മുണ്ടിയപ്പള്ളിയിൽ വിലസുന്നു. ഇപ്പോൾ മുണ്ടിയപ്പള്ളി ശാരോനിലെ വിഡ്ഢികൾക്ക് പോൾ ഗോപാലകൃഷ്ണനല്ലാതെ മറ്റൊരു ദൈവമില്ല.



വെറും ആറാംക്ലാസ്സുകാരനാണെങ്കിലും അത്യുഗ്രൻ സയൻസ് പ്രസംഗിച്ച് മഹാപണ്ഡിതനായി വിലസുകയാണ് പോൾ. കൺവെൻഷൻ സ്റ്റേജിൽ ശാസ്ത്രവും ചരിത്രവും ഒക്കെയാണ് പ്രസംഗം. അല്ലെങ്കിൽ ഉത്തമഗീതത്തിൽ നിന്ന് പ്രസംഗിക്കും. ശുഭസന്ദേശം എന്ന പേരിൽ ഒരു കൊച്ചുപത്രവും ഇയാൾ ഇറക്കുന്നുണ്ട്. അതിൽ സകലതും പോൾമയമാണ്. പോളിന്റെ ശാസ്ത്രം, പോളിന്റെ ചരിത്രം, പോളിന്റെ മഹത്വം... അങ്ങനെ പോകുന്നു കാര്യങ്ങൾ. ശാസ്ത്രീയ പഠനം എന്ന തലക്കെട്ടിൽ എല്ലാ ലക്കത്തിലും പോൾ കുറെ ശാസ്ത്രം എഴുതും.

എങ്ങനെയാണ് കുട്ടികൾ ഉണ്ടാകുന്നത് എന്ന വിഷയത്തേക്കുറിച്ചാണ് 2006 ഡിസംബർ ലക്കത്തിൽ എഴുതിയത്. ''ഒരു സ്ത്രീയിൽ അവൾ അറിയാതെ, അവൾ ആഗ്രഹിക്കാതെ, അവളെ കാണിക്കാതെ അവളിലുണ്ടാകുന്ന ഒരു അണ്ഡവും ഒരു പുരുഷനിൽ അവൻ അറിയാതെ, അവൻ താല്പര്യപ്പെടാതെ ഉണ്ടാകുന്ന ഒരു ബീജവും ദുർഘടമായ പാതയിലൂടെ യാത്രചെയ്ത് വിസ്മയകരമായ നിലയിൽ സന്ധിച്ച് ഭ്രൂണമായി മാറുന്നു. ആ ഭ്രൂണമാണ് പിന്നീട് മനുഷ്യനായി തീരുന്നത്.'' (എങ്ങനെയാണ് കുട്ടികൾ ഉണ്ടാകുന്നത് എന്ന് അറിയാതെ മുണ്ടിയപ്പള്ളിയിലെ ആബാലവൃദ്ധം ജനങ്ങൾ വിഷമിച്ചിരിക്കുകയായിരുന്നു. ഈ ലേഖനം വായിച്ചതോടെ എല്ലാവർക്കും ആശ്വാസമായി). പോളിന്റെ വിജ്ഞാനം ഇവിടംകൊണ്ടും തീരുന്നില്ല: ''ഒരു മനുഷ്യശിശുവിന് ആദ്യം ലഭിക്കുന്ന ജോലിക്കാരിയാണ് മറൂള''. (എന്താണപ്പാ ഈ മറൂള?) അങ്ങനെ ബീജസങ്കലനം മുതൽ പ്രസവം വരെയുള്ള സകല ഗുലുമാലുകളും പോൾ ഈ ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. തനിക്ക് അറിയാത്തതായി ഈ ഭൂമിമലയാളത്തിൽ ഒന്നുമില്ല എന്ന് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താനാണ് ഈ പെടാപ്പാട് പെടുന്നത്.

പോൾ ഗോപാലകൃഷ്ണന്റെ ഇഷ്ട പ്രസംഗവിഷയമാണ് ഗിരി പ്രഭാഷണം. പക്ഷേ പകയും വിദ്വേഷവും മനസ്സിൽ കൊണ്ടുനടക്കുന്ന കാര്യത്തിൽ ഇയാളെ വെല്ലാൻ വേറെ ആളില്ല. ഈ മാന്യദേഹത്തിന്റെ കലാപരിപാടികൾ സഹിക്കവയ്യാതായപ്പോൾ കുറെ വിശ്വാസികൾ ഏതാനും വർഷം മുൻപ് മുണ്ടിയപ്പള്ളി സഭവിട്ട് മറ്റൊരു കൂട്ടായ്മ തുടങ്ങി. ആ സഭയെ തകർക്കാൻ പോൾ എല്ലാ ഉപായങ്ങളും പ്രയോഗിച്ചെങ്കിലും ഫലിച്ചില്ല. ആ കൂട്ടായ്മ വളർന്നു. എന്നിട്ടും പോൾ അവരോടുള്ള പക വിട്ടുകളഞ്ഞിട്ടില്ല. ആ സഭയിലെ വിശ്വാസികൾക്കെതിരെ ഇപ്പോഴും അപവാദം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ സഭയിലേക്ക് ഇക്കൊല്ലം ട്രാൻസിഫർ ആയി എത്തിയ പാസ്റ്ററെ കള്ളക്കഥകൾ പറഞ്ഞ് പിൻതിരിപ്പിക്കാനുള്ള ഒരു ശ്രമവും പോൾ നടത്തി. വിശ്വാസികളെല്ലാം മദ്യപൻമാരും ദുർമ്മാർഗ്ഗികളും ആണ് എന്നത്രേ പോൾ ആ പാസ്റ്ററോട് പറഞ്ഞത്. പക്ഷേ പോൾ ഗോപാലകൃഷ്ണൻ എന്ന പരമ വിശുദ്ധൻ കള്ളം പറയുകയായിരുന്നു എന്ന് പാസ്റ്റർ നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞു. അങ്ങനെ ആ പാസ്റ്റർ ചാർജെടുത്തു.

ശാരോൻ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായ ടി.പി. ഏബ്രഹാമാണ് പോളിന് എല്ലാവിധ സഹായവും ചെയ്തു കൊടുക്കുന്നത്. സ്ഥലംമാറ്റം കൊടുക്കാതെ പോളിനെ മുണ്ടിയപ്പള്ളിയിൽ സ്ഥിരമായി വാഴിച്ചിരിക്കുന്നതും ടി.പി തന്നെ. മുണ്ടിയപ്പള്ളി ശാരോൻ സഭ ഇപ്പോൾ പോൾ ഗോപാലകൃഷ്ണന്റെ സ്വകാര്യ സ്വത്ത് ആയിക്കഴിഞ്ഞിരിക്കുന്നു. ശാരോൻ നേതൃത്വത്തിന് അവിടെ ഒരു നിയന്ത്രണവുമില്ല.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

**MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**
**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan